2025 OCTOBER
14
TUESDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY
e-paper




# സ്വർണം വില കുതിക്കുന്നു

**കൊച്ചി:** ഗ്രാമിന് 105 രൂപ ഉയർന്ന് 11,495 രൂപയിലാണ് ഇന്നലെ വ്യാപാരം ആരംഭിച്ചിരിക്കുന്നത്. പവന് 840 രൂപ കൂടി 91,960 രൂപയായി. ഒക്ടോബർ ഒന്നിന് ഗ്രാമിന് 10,875 രൂപയും പവന് 87,000 രൂപയും ആയിരുന്ന വിലയാണ് 12 ദിവസത്തിനുള്ളിൽ ഇത്രയും വർധിച്ചിരിക്കുന്നത്. ഒക്ടോബർ തുടങ്ങിയതിനു ശേഷം സ്വർണവില മിക്ക ദിവസങ്ങളിലും റെക്കോർഡ് തിരുത്തി. വെള്ളിയാഴ്ച ഇസ്രായേൽ ഹമാസ് സമാധാന കരാറിനെ തുടർന്ന് സ്വർണ വിലയിൽ ഇടിവുണ്ടായെങ്കിലും അന്ന് ഉച്ചതിരിഞ്ഞ് വില വീണ്ടും മുന്നേറിയിരുന്നു.

ശനിയാഴ്ച രേഖപ്പെടുത്തിയ ഗ്രാമിന് 11,390 രൂപയും പവന് 91,120 രൂപയും എന്ന റെക്കോർഡ് ആണ് ഇന്ന് മറികടന്നത്. 12 ദിവസം കൊണ്ട് സ്വർണ വിലയിൽ ഉണ്ടായത് 4520 രൂപയുടെ വർധനയാണ്, ഒക്ടോബർ ഒന്നിന് പവന് 87,440 രൂപയായിരുന്നു വില. 2025 ജനുവരി 1ന് പവന് 57,200രൂപയും സെപ്റ്റംബർ 13 ന് 81,520 രൂപയുമായിരുന്നു 22 കാരറ്റ സ്വർണത്തിന്റെ വില.

18 കാരറ്റ് സ്വർണ വിലയും എന്ന് പുതിയ റെക്കോർഡ് ഇട്ടു. ഗ്രാമിന് 85 രൂപ കൂടി 9,450 രൂപയാണ് വില. ഫെഡറൽ റിസർവ് പലിശ നിരക്ക് കുറച്ചേക്കുമെന്ന് പ്രതീക്ഷകളും ആഗോള രാഷ്ട്രീയത്തിൽ തുടരുന്ന അനിശ്ചിതങ്ങളും നാളുകളായി സ്വർണത്തിന്റെ മുന്നേറ്റത്തിന് ആക്കം കൂട്ടുകയാണ്. അതോടൊപ്പം അമേരിക്കയിലെ ഷട്ട് ഡൗൺ ഉടനെ അവസാനിക്കില്ലെന്ന സൂചനകളും സ്വർണത്തിന്റെ മുന്നേറ്റത്തിന് വഴിയൊരുക്കുന്നു, ഇന്ത്യൻ വിപണിയിൽ ദീപാവലി അടുത്തുവരുന്നത് സ്വർണത്തിന് വീണ്ടും വില ഉയരാൻ ഇടയാക്കും. രാജ്യാന്തര വിപണിയിൽ ഇന്ന് സ്വർണ വില ഔൺസിന് 4059 ഡോളർ എന്ന നിലയിലാണ്.




വെള്ളി വിലയിലും മുന്നേറ്റം തുടരുകയാണ്. ഗ്രാമിന് നാല് രൂപ കൂടി 188 രൂപ എന്ന സർവകാല റെക്കോർഡിലാണ്. വെള്ളിയുടെ വ്യവസായിക ഡിമാൻഡ് ഉയരുന്നതാണ് മുന്നേറ്റത്തിന് കരുത്ത് പകരുന്നത്. ഇലക്ട്രോണിക്സ് ഉൽപ്പന്നങ്ങൾ, ഇലക്ട്രിക് വാഹനങ്ങൾ തുടങ്ങിയവയിലെല്ലാം വെള്ളി വളരെ ആവശ്യമുള്ള ഘടകമാണ്. വില വർധിക്കാൻ തുടങ്ങിയതോടെ വെള്ളിയുടെ നിക്ഷേപ ആവശ്യം ഉയർന്നതും വിലയെ സ്വാധീനിച്ചിട്ടുണ്ട്. സ്വർണത്തെപ്പോലെ വെള്ളിക്കും ലഭ്യത കുറവാണ്.

# ചൈനയുടെ നടപടി സാങ്കേതികമേഖലയെ പ്രതിസന്ധിയിലാക്കുമെന്ന് റിപ്പോർട്ട്

**തായ്പേയ് (തായ്വാൻ):** അപൂർവ ഭൗമ ധാതുക്കളുടെ കയറ്റുമതിയിൽ നിയന്ത്രണം കർശനമാക്കാനുള്ള ചൈനയുടെ പുതിയ നീക്കം ആഗോള സാങ്കേതിക വിദ്യയെ ബാധിക്കുമെന്ന് റിപ്പോർട്ടുകൾ.

ചൈനയുടെ വ്യാപകമായ നിയന്ത്രണങ്ങൾ അമേരിക്കയിൽ മാത്രമായി പരിമിതപ്പെടുത്തിയിട്ടില്ല, മറിച്ച് ചൈനീസ് അപൂർവ ഭൗമ മൂലകങ്ങളെയോ സാങ്കേതികവിദ്യയെയോ ആശ്രയിക്കുന്ന ഏതൊരു രാജ്യത്തിനും മേൽ സമ്മർദ്ദം ചെലുത്താൻ രൂപകൽപ്പന ചെയ്തിരിക്കുന്നതാണെന്ന് ചുങ്ഹുവ ഇൻസ്റ്റിറ്റ്യൂഷൻ ഫോർ ഇക്കണോമിക് റിസർച്ചിലെ തായ്വാൻ ആസിയാൻ പഠന കേന്ദ്രത്തിന്റെ ഡയറക്ടർ ക്രിസ്റ്റി മുന്നറിയിപ്പ് നൽകിയതായി ഫോക്കസ് തായ്വാൻ റിപ്പോർട്ട് ചെയ്തു.

ചൈനയുടെ നിയന്ത്രണങ്ങളെത്തെത്തുടർന്ന് തായ്വാനിലെ സാങ്കേതികവിദ്യ, നിർമാണ മേഖലകൾ ഉടൻ തന്നെ വലിയ പ്രതിസന്ധി നേരിട്ടേക്കാമെന്ന് ഇവർ പറഞ്ഞു.



ജപ്പാനിൽ നിന്ന് ഇറക്കുമതി ചെയ്യുന്ന സെമിഫിനിഷ്ഡ് ഉത്പന്നങ്ങളുടെയും ഇലക്ട്രോണിക് ഘടകങ്ങളുടെയും വലിയൊരു ഭാഗം ചൈനയിൽ നിന്നുള്ള വസ്തുക്കളെയോ ശുദ്ധീകരണ പ്രക്രിയകളെയോ ആശ്രയിക്കുന്നതിനാൽ തായ്വാനെ സാരമായി ബാധിക്കുമെന്ന് റിപ്പോർട്ടിൽ പറയുന്നു.

ചൈന ഈ നിയന്ത്രണങ്ങൾ പൂർണ്ണമായും നടപ്പിലാക്കുകയാണെങ്കിൽ, ലോകത്ത് അപൂർവ എർത്ത് വിലയിൽ വർധനവ് ഉണ്ടാകുമെന്നും ക്ഷാമം ഒഴിവാക്കാൻ പ്രധാന സമ്പദ് വ്യവസ്ഥകൾ സംഭരണത്തിൽ വർധനവ് വരുത്തുമെന്നും വിദഗ്ദ്ധർ മുന്നറിയിപ്പ് നൽകി.




# പ്ലാസ്റ്റിക് കുപ്പി വഴി ബെവ്കോയ്ക്ക് ഒന്നരക്കോടിയിലേറെ അധികവരുമാനം

**തിരുവനന്തപുരം:** പ്ലാസ്റ്റിക് കുപ്പിയിലെ മദ്യത്തിനു 20 രൂപ അധികം ചുമത്തിയ വകയിൽ ലാഭം നേടി ബെവ്കോ. രണ്ടു ജില്ലകളിൽനിന്നു മാത്രം ബെവ്കോയ്ക്ക് ഒറ്റമാസത്തിനുള്ളിൽ വരുമാനം കിട്ടിയത് ഒന്നരക്കോടിയിലേറെ രൂപയാണ്. തിരുവനന്തപുരം, കണ്ണൂർ എന്നിവിടങ്ങളിൽ ആദ്യഘട്ടത്തിൽ നടപ്പാക്കിയപ്പോഴാണ് മദ്യപന്മാരിൽനിന്ന് ഇത്രത്തോളം രൂപ ബെവ്കോയ്ക്കു കിട്ടിയത്.

രണ്ടു ജില്ലകളിലെയും 20 ബെവ്കോ ഔട്ട്ലറ്റുകളിലാണ് പരീക്ഷണാടിസ്ഥാനത്തിൽ പദ്ധതി നടപ്പാക്കിയത്. സെപ്റ്റംബർ 10 മുതൽ ഒക്ടോബർ 9 വരെ 15,25,584 പ്ലാസ്റ്റിക് ബോട്ടിലുകളാണ് 20 ഔട്ട്ലറ്റുകളിലൂടെ വിറ്റഴിച്ചത്. ഇതിൽ 7,66,604 ബോട്ടിലുകൾ മാത്രമാണ് തിരിച്ചെത്തിയത്.

# അനിൽ അംബാനിയുടെ മകനും സിബിഐയുടെ കുരുക്കിൽ

**മുംബൈ:** അനിൽ അംബാനിയുടെ റിലയൻസ് ഗ്രൂപ്പ്, യെസ് ബാങ്ക് പ്രമോട്ടറായിരുന്ന റാണ കപുർ എന്നിവർക്കെതിരായ പണംതിരിമറിക്കേസിൽ കുരുക്കു മുറുക്കി സിബിഐ. കൃത്യമായി ആസൂത്രണം ചെയ്ത തട്ടിപ്പുനടന്നുവെന്നാണ് സിബിഐയുടെ ചാർജ്ഷീറ്റ് വ്യക്തമാക്കുന്നതെന്ന് വിവിധ ദേശീയമാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു. അനിൽ അംബാനിയുടെ മകൻ ജയ് അൻമോൽ അംബാനിയുടെ ഇടപെടലുകളിലേക്കും അന്വേഷണം നീളുമെന്ന് സിബിഐ സൂചിപ്പിച്ചിട്ടുണ്ട്.

യെസ് ബാങ്ക്, അനിൽ അംബാനിയുടെ അനിൽ ധീരുഭായ് അംബാനി ഗ്രൂപ്പ് കമ്പനികൾ, റിലയൻസ് നിപ്പോൺ അസറ്റ് മാനേജ്മെന്റ് (ആർഎൻഎഎം) എന്നിവ സാമ്പത്തിക നേട്ടത്തിനായി പരസ്പരം ഫണ്ട് തിരിമറി നടത്തിയെന്നും സെബിയുടെ പ്രൈവറ്റ് പ്ലേസ്മെന്റ് ചട്ടം ലംഘിച്ച് സ്വന്തം ഗ്രൂപ്പ് കമ്പനികളിൽ നിക്ഷേപം നടത്തിയെന്നുമാണ് പ്രധാന ആരോപണം. റിലയൻസ് ക്യാപിറ്റൽ, ജപ്പാനിലെ നിപ്പോൺ ലൈഫ് ഇൻഷുറൻസ് എന്നിവയുടെ സംയുക്ത സംരംഭമായിരുന്നു ആർഎൻഎഎം.

യെസ് ബാങ്കും എഡിഎ ഗ്രൂപ്പ് ഓഫ് കമ്പനീസും ഉപസ്ഥാപനങ്ങൾ വഴിയും മറ്റും പുറത്തിറക്കിയ കടപ്പത്രങ്ങൾ (എൻസിഡി ഉൾപ്പെടെ) പരസ്പരം വാങ്ങി നേട്ടമുണ്ടാക്കിയെന്നാണ് പ്രധാന ആരോപണം. അനിൽ അംബാനിയും കപുറും തമ്മിൽ ചർച്ച ചെയ്താണ് ഈ മ്യൂചൽ ഇൻവെസ്റ്റ് പ്ലാൻ തയാറാക്കിയതെന്ന് സിബിഐ ആരോപിക്കുന്നു. കടക്കെണിയിൽപ്പെട്ട് പ്രതിസന്ധിയിലായിരിക്കേ, നിപ്പോണുമായി സഹകരിക്കുന്നത് ഉൾപ്പെടെ നടപടികൾക്ക് ചുക്കാൻ പിടിച്ചതും റിലയൻസ് ഗ്രൂപ്പിനെ തിരികെ വളർച്ചയിലേക്ക് നയിച്ചതും ജയ് അൻമോൽ അംബാനിയായിരുന്നു. ഇതോടെയാണ് അദ്ദേഹവും സിബിഐയുടെ അന്വേഷണ വലയത്തിലായത്.

അതേസമയം, 68 കോടി രൂപയുടെ വ്യാജ ബാങ്ക് ഗ്യാരന്റി കേസിൽ റിലയൻസ് പവർ ചീഫ് ഫിനാൻഷ്യൽ ഓഫിസറും എക്സിക്യൂട്ടീവ് ഡയറക്ടറുമായ അശോക് പാലിനെ ഇ.ഡി അറസ്റ്റ് ചെയ്തു. കോടതിയിൽ ഹാജരാക്കിയ അശോകിനെ രണ്ടു ദിവസത്തേക്ക് ഇ.ഡിയുടെ കസ്റ്റഡിയിലും വിട്ടു. അശോക് പാൽ പദവികൾ രാജിവച്ചുവെന്ന് റിലയൻസ് പവർ വ്യക്തമാക്കിയിട്ടുണ്ട്.

17,000 കോടി രൂപയുടെ വായ്പാത്തിരിമറിക്കേസിൽ അനിൽ അംബാനി, കമ്പനിയിലെ ഇപ്പോഴത്തെയും മുൻപത്തെയും മുതിർന്ന ഉദ്യോഗസ്ഥർ തുടങ്ങിയവർക്കെതിരെ ഇ.ഡിയുടെ അന്വേഷണം നടക്കുകയാണ്.

അതേസമയം, അനിൽ അംബാനി കഴിഞ്ഞ 3 വർഷത്തിലേറെയായി റിലയൻസ് പവറിന്റെ ഡയറക്ടർ ബോർഡ് അംഗമല്ല. അതുകൊണ്ട്, ഈ വിഷയത്തിൽ അദ്ദേഹത്തിന് ആശങ്കകളുമില്ലെന്ന് റിലയൻസ് പവർ പറയുന്നു. കമ്പനിയെ ചിലർ തട്ടിപ്പിന്റെ ഇരയാക്കുകയായിരുന്നെന്നും റിലയൻസ് പവർ ആരോപിക്കുന്നു.

സോളർ എനർജി കോർപറേഷൻ ഓഫ് ഇന്ത്യയുടെ (എസ്ഇസിഐ) ടെൻഡർ നടപടികളിൽ പങ്കെടുക്കാൻ വ്യാജ ബാങ്ക് ഗ്യാരന്റികൾ തയാറാക്കിയെന്നാണ് ഇ.ഡി ഉയർത്തുന്ന പ്രധാന ആരോപണം.

ഒഡീഷ ആസ്ഥാനമായ ബിസ്വാൾ ട്രേഡ്‌ലിങ്ക് എന്ന സ്ഥാപനം വഴിയാണ് ഇതു സംഘടിപ്പിച്ചത്. ഇതിൽ അശോക് പാൽ ആണ് പ്രധാന പങ്കുവഹിച്ചതെന്നും ഇ.ഡി ആരോപിക്കുന്നു.

# സാമ്പത്തികശാസ്ത്ര നൊബേൽ പ്രഖ്യാപിച്ചു; ജോയൽ മൊകീറിനും ഫിലിപ്പ് അഗിയോണിനും പീറ്റർ ഹൊവീറ്റിനും പുരസ്കാരം

**സ്റ്റോക്ക്ഹോം:** 2025ലെ സാമ്പത്തികശാസ്ത്ര നൊബേൽ പുരസ്കാരം പ്രഖ്യാപിച്ചു. സാമ്പത്തിക ശാസ്ത്ര വിദഗ്ധരായ ജോയൽ മൊകീർ (നോർത്ത് വെസ്റ്റേൺ യൂണിവേഴ്സിറ്റി, യുഎസ്എ), ഫിലിപ്പ് അഗിയോൺ (കോളേജ് ഡി ഫ്രാൻസ് ഐഎൻഎസ്ഇഎഡ്ഫ്രാൻസ്, ലണ്ടൻ സ്കൂൾ ഓഫ് എക്കണോമിക്സ് ആൻഡ് പൊളിറ്റിക്കൽ സയൻസ്യുകെ), പീറ്റർ ഹോവിറ്റ് (ബ്രൗൺ യൂണിവേഴ്സിറ്റി യുഎസ്എ) എന്നിവരാണ് ഇക്കൊല്ലത്തെ പുരസ്കാരത്തിന് അർഹരായത്.

കണ്ടുപിടിത്തങ്ങളാൽ നയിക്കപ്പെടുന്ന സാമ്പത്തികവളർച്ചയെക്കുറിച്ച് വിശദീകരിക്കുന്ന ഗവേഷണങ്ങൾക്കാണ് മൂവരും പുരസ്കാരത്തിന് അർഹരായത്. ഏകദേശം 12 ലക്ഷം ഡോളറാണ് പുരസ്കാരത്തുക.

# 2031 ഓടെ കേരളം പോഷകഭദ്രമാക്കും: മന്ത്രി ജി ആർ അനിൽ

**തിരുവനന്തപുരം:** 2031 ഓടെ കേരളം സമ്പൂർണ്ണ പോഷകഭദ്രം ആക്കുമെന്ന് ഭക്ഷ്യവകുപ്പുമന്ത്രി ജി ആർ അനിൽ. ഭക്ഷ്യപൊതുവിതരണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ കനകക്കുന്ന് നിശാഗന്ധി ഓഡിറ്റോറിയത്തിൽ നടന്ന വിഷൻ2031 സെമിനാറിൽ ഭക്ഷ്യഭദ്രതയിൽ നിന്ന് പോഷകഭദ്രതയിലേക്ക് എന്ന വീക്ഷണനയരേഖ അവതരിപ്പിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി. സംസ്ഥാന സർക്കാർ വിഷൻ 2031 എന്ന പേരിൽ ഭാവികേരളത്തെപ്പറ്റിയുള്ള ആശയങ്ങൾ രൂപീകരിക്കുന്നതിന് സംഘടിപ്പിക്കുന്ന 33 വിഷയാധിഷ്ഠിത സെമിനാറുകളിൽ ഒന്നാണ് ഇന്ന് ചേർന്നത്.

1947 ൽ നമ്മുടെ രാജ്യം സ്വാതന്ത്ര്യം പ്രാപിക്കുമ്പോൾ ഇന്ത്യയിലെ മറ്റേതൊരു പ്രദേശത്തെയും പോലെ കേരളവും അതീവ ദരിദ്രവും പിന്നോക്കവും ആയിരുന്നു. അതിനുമപ്പുറം ഒരു ഭക്ഷ്യകമ്മി സംസ്ഥാനം ആയതുകൊണ്ട് ക്ഷാമത്തിനും പട്ടിണിക്കും വശംവദരാകാനുള്ള സാധ്യത കൂടുതലുമായിരുന്നു. എന്നാൽ ദശാബ്ദങ്ങൾ പിന്നിട്ട് ഇന്ന് നാം അതിദാരിദ്ര്യവിമുക്തമായ ആദ്യ സംസ്ഥാനമായി പ്രഖ്യാപിക്കപ്പെടാൻ പോകുന്നു. സാമ്പ്രദായികമായ പൊതുവിതരണ സംവിധാനത്തിനപ്പുറം അതിവിപുലവും ഗ്രാമഗ്രാമാന്തരങ്ങളിൽ എത്തിച്ചേരുന്നതുമായ ഒരു വിപണി ഇടപെടൽ ശൃംഖലയിലൂടെ കൂടെ ആണ് വിശപ്പുരഹിത കേരളം യാഥാർത്ഥ്യമാക്കാൻ നമുക്ക് കഴിഞ്ഞത്. ഇതേ പാതയിൽ നിശ്ചയദാർഢ്യത്തോടെ ഇനിയും മുന്നോട്ടുപോകേണ്ടതുണ്ട്. കേരളം എഴുപത്തഞ്ചാം വയസ്സിലേക്ക് കടക്കുമ്പോൾ എല്ലാവർക്കും മതിയായ പോഷകാഹാരം ഉറപ്പുവരുത്തുക എന്നുള്ളതാണ് കേരളം ലക്ഷ്യം വെക്കുന്നത് മന്ത്രി പറഞ്ഞു.

ലോകമെങ്ങും വിഖ്യാതമായ കേരള മാതൃകയുടെ ബലിഷ്ഠമായ അടിസ്ഥാനശിലകളിലൊന്നാണ് ഭക്ഷ്യഭദ്രത എന്ന് സെമിനാർ ഉദ്ഘാടനം ചെയ്ത ധനകാര്യ വകുപ്പുമന്ത്രി കെ എൻ ബാലഗോപാൽ പറഞ്ഞു. മനുഷ്യവിഭവ വികാസ സൂചികകളിലെ ഉന്നതസ്ഥാനങ്ങളിലൂടെയും ജീവിതഗുണമേന്മയിലൂടെയും അടയാളപ്പെടുത്തപ്പെട്ട ഈ മികവുകൾക്ക് നാം തീർച്ചയായും കാർഷിക ഭൂപരിഷ്ക്കരണത്തോടും സാർവ്വത്രിക വിദ്യാഭ്യാസപൊതുജനാരോഗ്യ സംവിധാനത്തോടും കടപ്പെട്ടിരിക്കുന്നു. എന്നാൽ മികച്ച ഒരു പൊതുവിതരണ സംവിധാനം ഇല്ലായിരുന്നു എങ്കിൽ ഈ നേട്ടങ്ങളെല്ലാം ജലരേഖകളായി മാറിപ്പോവുമായിരുന്നു.

ഭക്ഷ്യ, പൊതുവിതരണ വകുപ്പ് സെക്രട്ടറി എം.ജി രാജമാണിക്യം വകുപ്പിന്റെ 9 വർഷത്തെ നേട്ടങ്ങൾ അവതരിപ്പിച്ചു. ആഗോളഭക്ഷ്യഭദ്രതാ ഭൂപടത്തിൽ കേരളത്തിന്റെ സ്ഥാനം എന്ന വിഷയത്തിൽ കൃഷി വകുപ്പുമന്ത്രി പി പ്രസാദ്, സംസ്ഥാന ധനകാര്യ കമ്മിഷൻ ചെയർമാൻ കെ എൻ ഹരിലാൽ, ഡൽഹി ഐ.ഐ.ടി.യിലെ പ്രൊഫസർ ഋതിക എസ് ഖേര, പ്ലാനിംഗ് ബോർഡ് അംഗം ഡോ. രവിരാമൻ എന്നിവർ സംസാരിച്ചു. ഭക്ഷ്യ കമ്മിഷൻ ചെയർമാൻ ഡോ. ജിനു സക്കറിയ ഉമ്മൻ, സപ്ലൈകോ മാനേജിംഗ് ഡയറക്ടർ ജയകൃഷ്ണൻ എം വി, ലീഗൽ മെട്രോളജി കൺട്രോളർ ജെ കിഷോർകുമാർ എന്നിവർ സന്നിഹിതരായിരുന്നു. പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മിഷണർ കെ ഹിമ സ്വാഗതവും റേഷനിംഗ് കൺട്രോളർ ജ്യോതികൃഷ്ണ വി നന്ദിയും പറഞ്ഞു.

ഭക്ഷ്യഭദ്രതയിൽ നിന്ന് പോഷകഭദ്രതയിലേക്ക് എന്ന വിഷയത്തിൽ നടന്ന ചർച്ചയിൽ ഡോ ജിനു സക്കറിയ ഉമ്മൻ മോഡറേറ്ററായി. പി വേണുഗോപാൽ, ആർ രാംകുമാർ എന്നിവർ സംസാരിച്ചു. ഉപഭോക്തൃമേഖല ചൂഷണമുക്തം സംതൃപ്തം എന്ന വിഷയത്തിൽ ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് & ടാക്സേഷൻ വിസിറ്റിംഗ് പ്രൊഫസർ തോമസ് ജോസഫ് തൂങ്കുഴി മോഡറേറ്ററായി. അഡ്വ. ജി രഘുകുമാർ, അഡ്വ. സൂര്യ ജെ എന്നിവർ സംസാരിച്ചു. തുടർന്ന് ഗ്രൂപ്പ് ചർച്ച നടന്നു. ഭക്ഷ്യ വകുപ്പുമന്ത്രി ജി ആർ അനിൽ മറുപടി പറഞ്ഞ് സംസാരിച്ചു.




# ഗ്ലോ കൊച്ചി ആഘോഷം രാജേന്ദ്ര മൈതാനിയിൽ

**കൊച്ചി:** വെളിച്ചവും സംസ്കാരവും സാമൂഹിക കൂട്ടായ്മയും ഒന്നുചേരുന്ന ഗ്ലോ കൊച്ചി ആഘോഷം 18, 19 തിയ്യതികളിൽ എറണാകുളം രാജേന്ദ്ര മൈതാനിയിൽ നടക്കുമെന്ന് സംഘാടകർ വാർത്താ സമ്മേളനത്തിൽ അറിയിച്ചു. വൈകിട്ട് മൂന്നു മുതൽ അർധരാത്രി വരെയാണ് പരിപാടി നടക്കുക.ഹൈബി ഈഡൻ എം പി ഉദ്ഘാടനം ചെയ്യും. ചലച്ചിത്ര താരം അർജുൻ അശോകൻ മുഖ്യാതിഥിയായി പങ്കെടുക്കും. ഇല്ലൂമിനേറ്റ് കൊച്ചി എന്ന പ്രമേയത്തിൽ നടക്കുന്ന ഗ്ലോ കൊച്ചി പരിപാടിയിൽ കുടുംബങ്ങൾ, കലാകാരന്മാർ, വിദ്യാർഥികൾ, ചെറുകിട സംരംഭകർ തുടങ്ങിയവർക്ക് പങ്കെടുക്കാനാവുന്ന വിധത്തിലാണ് ഒരുക്കുന്നത്. പ്രാദേശിക കലാകാരന്മാർ സൃഷ്ടിക്കുന്ന ലൈറ്റ് ഇൻസ്റ്റലേഷനുകൾ, സംഗീതം, നൃത്തം, ഡാൻഡിയ തുടങ്ങിയ നൈറ്റ് എന്റർടെയ്ൻമെന്റുകൾ അടങ്ങിയ ലൈവ് പെർഫോമൻസ്, ഫേസ് പെയിന്റിങ്, യുവി ഗെയിമുകൾ, ഗ്ലോ ആക്ടിവിറ്റികൾ ഉൾപ്പെടുന്ന കുട്ടികൾക്കായുള്ള ഗ്ലോ സോൺ, കൊച്ചിയിലെ മികച്ച ഭക്ഷണ സ്റ്റാളുകളും ആർട്ടിസൻ ഉത്പന്നങ്ങളും കരകൗശല വസ്തുക്കളും ഉൾക്കൊള്ളുന്ന നൈറ്റ് ബസാറിന്റെ ഫൂഡ് ആന്റ് ഫ്ളീ മാർക്കറ്റ്, പ്രതീക്ഷയുടെ സന്ദേശം പ്രകാശിപ്പിക്കുന്ന കമ്യൂണിറ്റി വാൾ ഓഫ് ലൈറ്റ് എന്നിവ ഗ്ലോ കൊച്ചിയിലുണ്ടാവും.

100 രൂപയാണ് ടിക്കറ്റ് ചാർജ്. വിദ്യാർഥികൾക്ക് 50 രൂപയും നാല് പേർ അടങ്ങുന്ന സംഘത്തിന് 250 രൂപയുമാണ് നിരക്ക്. കൂടുതൽ വിവരങ്ങൾക്ക് കാവിൻ 7306200075 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്. വാർത്താ സമ്മേളനത്തിൽ ഷർമ്മിള, രാഖി ജയശങ്കർ, നമിൻ ഹിലാൽ, ലിൻഡ രാകേഷ്, ഫാഷൻ ഡിസൈനർ മെൽവിൻ എന്നിവർ പങ്കെടുത്തു. ഗ്ലോ കൊച്ചി ബ്രോഷർ പ്രകാശനം ചെയ്തു.




# ലിസി കാൻസർ സെന്റർ തൈറോയ്ഡ് കെയർ സീരിസ് ഉദ്ഘാടനം ചെയ്തു

**കൊച്ചി:** ലിസി കാൻസർ സെന്ററിന്റെ ആഭിമുഖ്യത്തിൽ നടന്ന ലിസി കാൻസർ സെന്റർ തൈറോയ്ഡ് കെയർ സീരിസ് ഫാദർ പോൾ കാരേടൻ ഉദ്ഘാടനം ചെയ്തു. ഡോ. സന്ദീപ് സുരേഷ്, ഡോ. അരുൺ പീറ്റർ മാത്യു, ഡോ. എലിസബത്ത് മാത്യു ഐപ്പ്, ഡോ. രഞ്ജിൻ ആർ.പി. ഡോ. അരുൺ വാര്യർ, ഡോ. റോഷൻ മേരി തോമസ്, ഡോ. ജി.റിജ്ജു, ഡോ.ആർ.എസ് റിയാസ്, ഡോ. രാഹുൽ ജോർജ് എന്നിവർ ചടങ്ങിൽ പങ്കെടുത്തു. ഇന്ത്യയുടെ വിവിധഭാഗങ്ങളിൽ നിന്നുള്ള തൈറോയ്ഡ് വിദഗ്ധരോടൊപ്പം അമേരിക്കൻ തൈറോയ്ഡ് അസോസിയേഷൻ പ്രസിഡന്റ് ഡോ. ജൂലി ആൻ സോസ, ഹോംഗോങ്ങിൽ നിന്നും എൻഡോസ്കോപ്പിക് തൈറോയ്ഡ് സർജൻ ഡോ. ഹോക് നാം ലി എന്നിവരും സമ്മേളനത്തിൽ പങ്കെടുത്തു. ജാഗ്രതയോടു കൂടിയ മേൽനോട്ടത്തിലൂടെ സർജറി ഒഴിവാക്കാം എന്ന പുതിയ മാർഗ്ഗരേഖ ഡോ. ജൂലി ആൻ സോസ മുന്നോട്ടു വച്ചു. എൻഡോസ്കോപ്പിക് സർജറികൾ, തൈറോയ്ഡ് കാൻസറിൽ രോഗിയുടെ ആവശ്യങ്ങൾ തിരിച്ചറിഞ്ഞു വ്യക്തികേന്ദ്രീകൃതമായി ചെയ്യണ്ടതിന്റെ ആവശ്യകത എന്നിവ സംബന്ധിച്ച് വിദഗ്ദരുടെ നേതൃത്വത്തിൽ നടത്തിയ പാനൽ ചച്ചയിൽ 200 ഓളം പ്രതിനിധികൾ പങ്കെടുത്തു.

# കൊച്ചിമുസിരിസ് ബിനാലെ: 20 രാജ്യങ്ങളിൽ നിന്നായി കലാകാരന്മാരും കൂട്ടായ്മകളും

Kochi-Muziris Biennale 2025

**കൊച്ചി:** കൊച്ചി ബിനാലെ ഫൗണ്ടേഷൻ നടത്തുന്ന കൊച്ചിമുസിരിസ് ബിനാലെ ആറാം ലക്കത്തിലെ കലാകാരന്മാരുടെ പട്ടിക പുറത്തിറക്കി. 20 രാജ്യങ്ങളിൽ നിന്നായി കലാകാരന്മാരും കൂട്ടായ്മകളും അടങ്ങുന്ന സംഘമാണ് ഡിസംബർ 12 ന് ആരംഭിച്ച് മാർച്ച് 31 ന് അവസാനിക്കുന്ന 110 ദിവസം നീണ്ടു നിൽക്കുന്ന കലാവിരുന്നിന്റെ ഭാഗമാകുന്നത്.

നിഖിൽ ചോപ്രയും അദ്ദേഹം ഉൾപ്പെടുന്ന എച്ച്. എച്ച്. ആർട്ട് സ്പേസസ് ഗോവയുമാണ് ബിനാലെ ആറാം ലക്കം ക്യൂറേറ്റ് ചെയ്യുന്നത്. ദക്ഷിണേഷ്യയിലെ ഏറ്റവും വലിയ സമകാലീന കലാമേളയാണ് കൊച്ചിമുസിരിസ് ബിനാലെ. ഫോർ ദി ടൈം ബീയിംഗ് എന്നതാണ് ആറാം ലക്കത്തിന്റെ തലക്കെട്ട്. കൊച്ചിയെന്ന നഗരത്തിന്റെ വൈവിദ്ധ്യം നിറഞ്ഞ പൈതൃകത്തിന്റെ പശ്ചാത്തലത്തിൽ കലാസൃഷ്ടി നടത്തുന്നതിനാണ് ലോകമെമ്പാടും നിന്നുള്ള കലാകാരന്മാരും കൂട്ടായ്മകളും അടങ്ങുന്ന 66 അംഗസംഘത്തെ ഇവിടേക്ക് ക്ഷണിച്ചതെന്ന് ക്യൂറേറ്റോറിയൽ സംഘം പുറത്തിറക്കിയ പ്രസ്താവനയിൽ പറഞ്ഞു.

ലോകമെമ്പാടുമുള്ള വ്യത്യസ്ത ശബ്ദങ്ങളുടെയും ആശയങ്ങളുടെയും പ്രതിനിധാനമാണ് കൊച്ചിമുസിരിസ് ബിനാലെയുടെ ആറാം ലക്കത്തിലെ കലാകാരന്മാരുടെ പട്ടികയെന്ന് കെബിഎഫ് ചെയർപേഴ്സൺ ഡോ. വേണു വി പറഞ്ഞു. കൊച്ചിയുടെ കലാപരമായ പ്രാധാന്യത്തെ ആഘോഷിക്കുക മാത്രമല്ല മറിച്ച് വിവിധ സമൂഹങ്ങൾ തമ്മിലുള്ള സാംസ്ക്കാരികമായ കൊടുക്കൽ വാങ്ങലുകളെ നിലനിറുത്താനുള്ള ദീർഘകാല കാഴ്ചപാടാണ് ബിനാലെ. പ്രാദേശിക സമൂഹവുമായി ഇഴചേർന്ന് പ്രവർത്തിക്കുകയും അതുവഴി സമകാലീന കലയിലൂടെ ജനങ്ങളിൽ സ്ഥിരമായ സ്വാധീനം ഉറപ്പിക്കാൻ കൂടി ലക്ഷ്യമിടുന്നുണ്ടെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു. സമകാലീന കലാലോകത്തെ വൈവിദ്ധ്യമാർന്ന ശബ്ദങ്ങളുടെ ചടുലമായ കൂട്ടായ്മയാണ് ബിനാലെ ആറാം ലക്കത്തിലെ കലാകാരന്മാരുടെ പട്ടികയെന്ന് കെഎംബി പ്രസിഡന്റ് ബോസ് കൃഷ്ണമാചാരി ചൂണ്ടിക്കാട്ടി. വൈവിദ്ധ്യമാർന്ന മാധ്യമങ്ങളിലൂടെയും പുതിയ കാഴ്ചപ്പാടുകളെ സമന്വയിപ്പിക്കുന്ന സൃഷ്ടികളിലൂടെയും നിഖിലും എച്ച്എച്ച് ആർട്ട് സ്പേസസും ഇത് ശ്രദ്ധാപൂർവം ആശയവൽക്കരിച്ചിരിക്കുന്നു. ഒരു കലാകൂട്ടായ്മയെ ബിനാലെ പോലുള്ള ക്രിയാത്മക ഇടം നിർമ്മിക്കാൻ ക്ഷണിക്കുന്നത് ഇത് ആദ്യമായാണ്. ഫോർ ദി ടൈം ബീയിംഗ് എന്ന തലക്കെട്ട് പ്രാദേശികവും ആഗോളവുമായ സഹകരണങ്ങളെ കൃത്യമായ ചേരുവയിൽ ഉൾപ്പെടുത്തി ബിനാലെയെ രൂപപ്പെടുത്തുന്നുവെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. ഏറെ സന്തോഷത്തോടെയാണ് ബിനാലെ ആറാം ലക്കത്തിലെ കലാകാരന്മാരുടെ പട്ടിക പുറത്തുവിടുന്നതെന്ന് കെബിഎഫ് സിഇഒ തോമസ് വർഗീസ് പറഞ്ഞു. മാസങ്ങൾ നീണ്ട ചർച്ചകൾക്കും കൂടിയാലോചനകൾക്കുമൊടുവിൽ ആശയങ്ങൾ ആഴത്തിലുള്ള ചിന്തകളുടെ പ്രതിഫലനങ്ങളായി ഉരുത്തിരിഞ്ഞു വരുന്നത് കാണാനായി എന്നും അദ്ദേഹം പറഞ്ഞു.




# രക്താതിസമർദ്ദം, അമിതവണ്ണം: അടിയന്തര നടപടികൾ അനിവാര്യമെന്ന് സി.വി.ആർ.എസ് സമ്മേളനം

**കൊച്ചി:** രക്താതിസമർദ്ദം, അമിതവണ്ണം, പക്ഷാഘാതം എന്നിവയുടെ പ്രതിരോധം കേന്ദ്രീകരിച്ച് കാർഡിയോവാസ്കുലാർ റിസർച്ച് സൊസൈറ്റി (സിവിആർഎസ്)യുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച ദ്വിദിന സമ്മേളനം കൊച്ചിയിൽ നടന്നു.

കൃഷി മന്ത്രി പി. പ്രസാദ് സമ്മേളനം ഉദ്ഘാടനം ചെയ്തു. ഹൃദ്രോഗം നേരത്തേ കണ്ടെത്തുന്നതിനെക്കുറിച്ചും ജീവിതശൈലി പരിഷ്കരണങ്ങളെക്കുറിച്ചുമുള്ള അവബോധമില്ലായ്മയല്ല ഇന്ന് നാം നേരിടുന്നത്. അതിനായി സ്ഥിരമായ സംവിധാനങ്ങളും രീതികളും സ്ഥാപിക്കേണ്ട സമയമാണിതെന്ന് മന്ത്രി പി. പ്രസാദ് പറഞ്ഞു. കേരളത്തിലെ നാലിൽ ഒരാൾക്ക് രക്താതിസമ്മർദ്ദമുണ്ട്. സങ്കീർണതകൾ ഉണ്ടാകുന്നതുവരെ പലരും രോഗനിർണയം നടത്തുന്നില്ല. സമീകൃതാഹാരം, വ്യായാമം, രക്തസമ്മർദ്ദ നിയന്ത്രണം എന്നിവയിലേക്കുള്ള സാംസ്കാരിക മാറ്റം നമുക്ക് ആവശ്യമാണ്, അദ്ദേഹം പറഞ്ഞു. ഇസിജി, രക്തസമ്മർദ്ദ നിർണയ ഉപകരണങ്ങൾ എല്ലാവർക്കും എന്ന സാഹചര്യമൊരുക്കി പ്രാഥമിക ആരോഗ്യരംഗം കൂടുതൽ ശക്തിപ്പെടുത്തേണ്ടതുണ്ടെന്നും അദ്ദേഹം പറഞ്ഞു.അനിയന്ത്രിതമായ രക്താതിമർദ്ദത്തിന്റെ ഏറ്റവും ഗുരുതരമായ ഫലങ്ങളിലൊന്നാണ് സ്ട്രോക്ക് എന്ന് സിവിആർഎസ് പ്രസിഡന്റ് ഡോ. പി.പി. മോഹനൻ മുന്നറിയിപ്പ് നൽകി. അക്കാദമിക് ഗവേഷണത്തെ പൊതുജനാരോഗ്യ ചികിത്സ സംവിധാനവുമായി ബന്ധിപ്പിക്കുകയാണ് സിവിആർഎസ്.

100ലധികം കാർഡിയോളജിസ്റ്റുകളും 1000 ഫിസിഷ്യൻമാരും ഒത്തുചേരുന്ന സമ്മേദനത്തിന്റെ ലക്ഷ്യവും ഇതായിരുന്നു, അദ്ദേഹം പറഞ്ഞു. കേരളത്തിൽ മുതിർന്നവരിൽ ഉയർന്ന രക്തസമ്മർദ്ദത്തിന്റെ വ്യാപനം ഏകദേശം 25 മുതൽ 30% മാണ്. നഗരങ്ങളിലും പട്ടണങ്ങളിലുമായി അമിതവണ്ണ നിരക്ക്, കുട്ടികളിൽ പ്രത്യേകിച്ചും, വർദ്ധിച്ചുവരുന്നുണ്ടെന്ന് ഓർഗനൈസിംഗ് സെക്രട്ടറി ഡോ. അനിൽ ബാലചന്ദ്രൻ പറഞ്ഞു.

ഉദാസീനമായ ജീവിതശൈലി, ജങ്ക് ഫുഡ് ഉപഭോഗം, ഡിജിറ്റൽ ആസക്തി എന്നിവ ഹൃദയാരോഗ്യത്തിന് ഉയർന്നുവരുന്ന ഭീഷണികളാണെന്നും ഡോ. അനിൽ ബാലചന്ദ്രൻ പറഞ്ഞു. പൊതുജനാരോഗ്യത്തിനും ക്ലിനിക്കൽ മെഡിസിനും നൽകിയ സംഭാവനകൾ മുൻനിർത്തി കൊച്ചി ലൂർദ് ആശുപത്രി മെഡിക്കൽ ഡയറക്ടർ ഡോ. പോൾ പുത്തൂരാന് സിവിആർഎസ് ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ് നൽകി. ഓർഗനൈസിങ്ങ് ചെയർമാനും, സിവിആർഎസ് സെക്രട്ടറിയുമായ ഡോ. എ. ജാബിർ, സയന്റിഫിക് കമ്മിറ്റി ചെയർമാൻ ഡോ. സി.പി കരുണദാസ്, ഡോ. പ്രസന്നകുമാർ (എപിഐ, കൊച്ചി) തുടങ്ങിയവർ സംസാരിച്ചു. രാജ്യത്തെ വിവിധ സംസ്ഥാനങ്ങളിൽ നിന്നുമായി 100ലധികം കാർഡിയോളജിസ്റ്റുകളും 1000 ഫിസിഷ്യൻമാരും പങ്കെടുത്തു.

# സംസ്ഥാനത്തിന്റെ ഭാവി ജല നയങ്ങൾക്ക് രൂപം നൽകാൻ വിഷൻ 2031 സെമിനാർ 17 ന് കട്ടപ്പനയിൽ

**കട്ടപ്പന:** സുസ്ഥിര ജലവികസനവും വിഭവ പരിപാലനവും ലക്ഷ്യമിട്ട് സംസ്ഥാനത്തിന്റെ ഭാവി ജല നയങ്ങൾക്ക് രൂപം നൽകാൻ വിഷൻ 2031 സെമിനാർ ഒക്ടോബർ 17 ന് കട്ടപ്പന സെന്റ് ജോർജ് പാരിഷ് ഹാളിൽ നടക്കും. ജലനയ രൂപീകരണവുമായി ബന്ധപ്പെട്ട് ആറു പ്രധാന വിഷയങ്ങളിൽ പാനൽ ചർച്ചകൾ നടക്കും. ചർച്ചയിൽ ഉരുത്തിരയുന്ന ആശയങ്ങൾ സംസ്ഥാനത്തിന്റെ ഭാവി ജലനയങ്ങൾക്ക് രൂപം നൽകുവാൻ സഹായകമാകും. പൊതുജനങ്ങൾ, നയരൂപകർത്താക്കൾ, വകുപ്പിലെ വിദഗ്ദ്ധർ, കോളേജ് വിദ്യാർത്ഥികൾ, അധ്യാപകർ എന്നിവർ ഈ സെമിനാറിൽ പങ്കെടുക്കും.

രാവിലെ 10 ന് നടക്കുന്ന ഉദ്ഘാടന സമ്മേളനത്തിനു ശേഷം പാനൽ ചർച്ചകൾ നടക്കും. ആറ് പ്രധാന വിഷയങ്ങളിലും അവയുടെ ഉപവിഷയങ്ങളിലുമാണ് പാനൽ ചർച്ചകൾ. തുടർന്ന് വിഷൻ 2031 വികസന രേഖ അവതരിപ്പിക്കും.

എല്ലാവർക്കും സുസ്ഥിരമായ ജലവിതരണ സംവിധാനങ്ങൾ ഉറപ്പാക്കൽ, മലിനീകരണ നിയന്ത്രണംശുദ്ധീകരണ സാങ്കേതികവിദ്യകൾ, ജല പുനരുപയോഗം, ഭൂഗർഭജല സംരക്ഷണം, റീചാർജ്, സുസ്ഥിരമായ ഉപയോഗം, സുസ്ഥിര ജലസംരക്ഷണവും വിഭവ പരിപാലനവുംസമഗ്ര ജലവിഭവ പരിപാലനം കനാൽ അറ്റകുറ്റപ്പണികൾക്കുള്ള നൂതനവും ചെലവ് കുറഞ്ഞതുമായ സാങ്കേതിക വിദ്യകൾ എന്നീ വിഷയങ്ങളിലാണ് സെമിനാർ നടക്കുന്നത്.

സെമിനാറിന്റെ സംഘാടനവുമായി ബന്ധപ്പെട്ട സംഘാടക സമിതി യോഗം മന്ത്രി റോഷി അഗസ്റ്റിന്റെ അധ്യക്ഷതയിൽ കട്ടപ്പന വ്യാപാരി വ്യവസായി ഏകോപന സമിതി ഹാളിൽ നടന്നു. വിവിധ ഉപസമിതികളുടെ പ്രവർത്തനങ്ങൾ യോഗം അവലോകനം ചെയ്തു. കട്ടപ്പന നഗരസഭ വൈസ് ചെയർമാൻ കെ.ജെ ബെന്നി, അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് ഷൈജു പി ജേക്കബ്, ആസൂത്രണ സമിതി ഉപാധ്യക്ഷൻ സി.വി. വർഗീസ്, ഇടുക്കി ഗ്രാമവികസന ബാങ്ക് പ്രസിഡന്റ് മനോജ് എം. തോമസ്, വിവിധ രാഷ്ട്രീയ കക്ഷി നേതാക്കൾ തുടങ്ങിയവർ പങ്കെടുത്തു.

# വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം: രണ്ടാംഘട്ട നിർമാണ കാര്യത്തിൽ തീരുമാനമായി

**വിഴിഞ്ഞം:** വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ രണ്ടാം ഘട്ട നിർമാണ കാര്യത്തിൽ തീരുമാനമായി. അടുത്ത മാസം അഞ്ചിനു മുഖ്യമന്ത്രി ഉദ്ഘാടനം നിർവഹിക്കുന്നതോടെ കേരളത്തിൻറെ സ്വപ്ന പദ്ധതിയുടെ അവസാനഘട്ടം വരെയുള്ള കാര്യത്തിനു തുടക്കമാകും. കടലിലെ നിർമാണ പ്രവർത്തനത്തിനു ശക്തി പകരാനായി ബാർജുകളായ എം.വി. മർജാൻ, എം.ടി നൗട്ടി 2 എന്നിവ വിഴിഞ്ഞത്തെ മാരിടൈം ബോർഡിന്റെ തുറമുഖത്ത് തങ്കുരമിട്ടു. മഹാരാഷ്ട്രയിലെ വേലാപ്പൂരിൽനിന്ന് സാങ്കേതിക വിദഗ്ദരായ ആറു തൊഴിലാളികളുമായാണ് വരവ്. ഇതോടൊപ്പം വിഴിഞ്ഞത്ത് അറ്റകുറ്റപ്പണിക്കായി നങ്കൂരമിട്ടിരിക്കുന്ന ബാർബി9 ന്റെ പണികൾ പൂർത്തിയാക്കി രണ്ടാഴ്ചക്കുള്ളിൽ പ്രവർത്തന സജ്ജമാകും. 2028 ഡിസംബറിൽ രണ്ടും മൂന്നും ഘട്ടങ്ങൾ പൂർത്തിയാക്കാനുദ്ദേശിക്കുന്ന പദ്ധതിയുടെ വികസനങ്ങൾക്കായി പ്രതീക്ഷിക്കുന്ന 10,000 മുതൽ 15,000 കോടി രൂപ വരെയുള്ള ചിലവ് അദാനി പോർട്ട് വഹിക്കും. പിപിപി മോഡലിൽ സംസ്ഥാനത്തെ ഏറ്റവും വലിയ നിക്ഷേപമായിരിക്കുമെന്നു സർക്കാർ കരുതുന്നു. 1200 മീറ്റർ ബർത്ത്, ഒരു കിലോമീറ്റർ പുലിമുട്ട്, കണ്ടെയ്നർ യാർഡ്, മറ്റടിസ്ഥാന സൗകര്യങ്ങളുടെ വികസനം, കടൽ നികത്തി 77.17 സെക്ടർ ഭൂമിയുണ്ടാക്കൽ എന്നിങ്ങനെയുള്ള കാര്യങ്ങൾ കൂടി പൂർത്തിയാകുന്നതോടെ വിഴിഞ്ഞം തുറമുഖം വികസനത്തിന്റെ പാതയിലാകും. ഇതോടെ വർഷം 40 ലക്ഷം കണ്ടെയ്നർ കൈകാര്യം ചെയ്യാമെന്ന വിശ്വാസത്തിലാണ് അധികൃതർ. 2024 ജൂലൈ 11ന് പ്രവർത്തനം ആരംഭിച്ച തുറമുഖത്ത് 525 ചരക്ക് കപ്പലുകൾ എത്തി ദൗത്യം പൂർത്തിയാക്കി മടങ്ങി.

# വനിതാ ആശുപത്രി സൂപ്രണ്ടിനെതിരെ കൈയ്യേറ്റം: കർശന നടപടി വേണമെന്ന് കെ.ജി.എം.ഒ.എ

**കൊച്ചി:** പിറവം താലൂക്ക് ആശുപത്രിയിലെ സൂപ്രണ്ട് ഡോ. എം. രാജലക്ഷ്മിയെ അസഭ്യം പറയുകയും ആക്രമിക്കാൻ ശ്രമിക്കുകയും ചെയ്ത അസിസ്റ്റന്റ് സർജൻ ഡോ. ഫവാസ് മജീദിനെതിരെ അടിയന്തരമായി കർശന നടപടി സ്വീകരിക്കണമെന്നും അല്ലാത്തപക്ഷം ശക്തമായ സമരപരിപാടികളുമായി രംഗത്തുവരുമെന്നും കേരള ഗവൺമെന്റ് മെഡിക്കൽ ഓഫീസേഴ്സ് അസോസിയേഷൻ (കെ.ജി.എം.ഒ.എ) ജില്ലാ കമ്മിറ്റി. ഇക്കാര്യം ആവശ്യപ്പെട്ട് ജില്ലാ മെഡിക്കൽ ഓഫിസർക്ക് പരാതി നൽകിയതായും കേരള ഗവൺമെന്റ് മെഡിക്കൽ ഓഫീസേഴ്സ് അസോസിയേഷൻ (കെ.ജി.എം.ഒ.എ) എറണാകുളം ജില്ലാ പ്രസിഡന്റ് ഡോ. ടി. സുധാകർ, സെക്രട്ടറി ഡോ. കാർത്തിക് ബാലചന്ദ്രൻ എന്നിവർ പറഞ്ഞു. വനിതയാണെന്ന പരിഗണന പോലും ഇല്ലാതെയാണ് ഡോ. ഫവാസ് മജീദ് ആശുപത്രി സൂപ്രണ്ടിനെ ആക്രമിക്കാൻ ശ്രമിച്ചത്. ഇത് ഒരു കാരണവശാലും അംഗീകരിക്കാൻ കഴിയില്ല. അതിക്രമത്തെ തുടർന്ന് ദേഹാസ്വാസ്ഥ്യം അനുഭവപ്പെട്ട ഡോ. എം. രാജലക്ഷ്മി ചികിൽസയിലാണ്. സഹജീവനക്കാരെ അസഭ്യം പറയുന്നത് ഇദ്ദേഹത്തിന്റെ പതിവാണ്. പുരുഷ നേഴ്സിംഗ് ഓഫിസറെ അസഭ്യം പറഞ്ഞതിനും ഭീഷണിപ്പെടുത്തിയതിനും ഇദ്ദേഹത്തിനെതിരെ അന്വേഷണം നടക്കന്നുണ്ട് കൂടാതെ വനിതാ നേഴ്സിംഗ് ഓഫിസറോട് മോശമായി പെരുമാറിയതായും ഇദ്ദേഹത്തിനെതിരെ മുമ്പ് പരാതിയുണ്ടായിരുന്നു. കഴിഞ്ഞ മാസം ആശുപത്രിയിലെ സഹ ഡോക്ടറെ കൈയ്യേറ്റം ചെയ്യാനും ഇയാൾ ശ്രമിച്ചിരുന്നു. രോഗികളോട് പോലും ഇയാൾ അക്രമ സ്വഭാവം കാണിക്കാറുണ്ടെന്നും പറയുന്നു. നിലവിൽ ഇദ്ദേഹത്തിനൊപ്പം ജോലി ചെയ്യാൻ കഴിയില്ലെന്ന നിലപാടിലാണ് സഹ ജീവനക്കാർ. സംഭവത്തിൽ പ്രതിഷേധിച്ച് ഹോസ്പിറ്റൽ സ്റ്റാഫ് കൗൺസിൽ യോഗം ചേർന്ന് ഡോ. ഫവാസ് മജീദിനെതിരെ ശക്തമായ നടപടിയാവശ്യപ്പെട്ടിട്ടുണ്ടെന്നും അസോസിയേഷൻ ഭാരവാഹികൾ വ്യക്തമാക്കി.



**ടൂറിസ്റ്റ് ബസ് വ്യവസായം നേരിടുന്ന ഗുരുതര പ്രതിസന്ധികൾ പരിഹരിച്ച് തൊഴിൽ മേഖലയെ സംരക്ഷിക്കണമെന്നാവശ്യപ്പെട്ട് കോൺട്രാക്ട് കാര്യേജ് ഓപ്പറേറ്റേഴ്സ് അസോസിയേഷൻ (സിസിഒഎ) സംസ്ഥാന സമിതിയുടെ നേതൃത്വത്തിൽ കളമശേരിയിൽ നടക്കുന്ന തൊഴിൽ സംരക്ഷണ സംഗമവും സമരപ്രഖ്യാപനവും സംബന്ധിച്ച് സംസ്ഥാന പ്രസിഡന്റ് ബിനു ജോൺ വാർത്താ സമ്മേളനത്തിൽ വിശദീകരിക്കുന്നു. ഒ.എസ് ജസ്റ്റിൻ, ബാജി ജോസഫ്, ജിജോ അഗസ്റ്റിൻ, പി. എ നിഷാദ് എന്നിവർ സമീപം**

# സിസിഒഎ തൊഴിൽ സംരക്ഷണ സംഗമം ഇന്ന് കളമശേരിയിൽ

**കൊച്ചി:** ടൂറിസ്റ്റ് ബസ് വ്യവസായം നേരിടുന്ന ഗുരുതര പ്രതിസന്ധികൾ പരിഹരിച്ച് തൊഴിൽ മേഖലയെ സംരക്ഷിക്കണമെന്നാവശ്യപ്പെട്ട് കോൺട്രാക്ട് കാര്യേജ് ഓപ്പറേറ്റേഴ്സ് അസോസിയേഷൻ (സിസിഒഎ) സംസ്ഥാന സമിതിയുടെ നേതൃത്വത്തിൽ തൊഴിൽ സംരക്ഷണ സംഗമവും സമരപ്രഖ്യാപനവും ഇന്ന് കളമശേരിയിൽ നടക്കുമെന്ന് അസോസിയേഷൻ ഭാരവാഹികൾ വാർത്താ സമ്മേളനത്തിൽ പറഞ്ഞു. കളമശേരി പിഡബ്ല്യുഡി ഓഡിറ്റോറിയത്തിൽ വൈകുന്നേരം മൂന്നിന് ചേരുന്ന സംഗമം ഓൾ ഇന്ത്യാ ട്രാൻസ്പോർട്ട് വർക്കേഴ്സ് യൂണിയൻ (ഐഎൻടിയുസി) സീനിയർ വൈസ് പ്രസിഡന്റ് അഡ്വ. കെ.പി ഹരിദാസ് ഉദ്ഘാടനം ചെയ്യും. പ്രൈവറ്റ് ബസ് ആന്റ് മോട്ടോർ വർക്കേഴ്സ് യൂണിയൻ (സി.ഐ.ടി.യു) എറണാകുളം ജില്ലാ സെക്രട്ടറി അഡ്വ. വി. സലിം മുഖ്യപ്രഭാഷണം നടത്തും. സിസിഒഎ സംസ്ഥാന പ്രസിഡന്റ് ബിനു ജോൺ അധ്യക്ഷത വഹിക്കും. ജനറൽ സെക്രട്ടറി എസ്. പ്രശാന്തൻ റിപ്പോർട്ട് അവതരിപ്പിക്കും. സിസിഒഎ സംസ്ഥാന പ്രസിഡന്റ് ബിനു ജോൺ, ജസ്റ്റിൻ ഒ.എസ്, ബാജി ജോസഫ്, ജിജോ അഗസ്റ്റിൻ, പി. എ നിഷാദ് എന്നിവർ വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.

# സർക്കാർ സീറ്റുകളിൽ ഒഴിവ്

**കൊച്ചി:** ബി.കോം എൽ.എൽ.ബി, ത്രിവൽസര എൽ.എൽ.ബി കോഴ്സുകളിൽ ഒഴിവുള്ള സർക്കാർ സീറ്റുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. ഒക്ടോബർ 15 ന് ഉച്ചയ്ക്ക് ഒരു മണിവരെ കോളജിൽ നേരിട്ടെത്തി അപേക്ഷ സമർപ്പിക്കാമെന്ന് തൃക്കാക്കര കെ.എം.എം ലോ കോളജിൽ പ്രിൻസിപ്പാൾ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് 9495024551 എന്ന നമ്പറിൽ ബന്ധപ്പെടണം.

സൊസൈറ്റി ടുഡേ
SOCIETY TODAY

# പട്ടയത്തിനുള്ള വരുമാനപരിധി രണ്ടരലക്ഷം ആക്കും: മന്ത്രി കെ. രാജൻ

**അമ്പലപ്പുഴ:** പട്ടയത്തിനുള്ള വരുമാനപരിധി രണ്ടരലക്ഷം ആക്കി ഉയർത്തുമെന്ന് റവന്യു മന്ത്രി കെ. രാജൻ.

ആലപ്പുഴ മുനിസിപ്പൽ തൊഴിലാളികളുടെ പട്ടയപ്രശ്നത്തിനും പരിഹാരം കാണുമെന്ന് മന്ത്രി പറഞ്ഞു. അമ്പലപ്പുഴ മണ്ഡലം വികസന മഹോത്സവത്തിൻറെയും പട്ടയ വിതരണത്തിന്റെയും ഉദ്ഘാടനവും ആലപ്പുഴ പടിഞ്ഞാറ് സ്മാർട്ട് വില്ലേജ് ഓഫീസിന്റെ ശിലാസ്ഥാപനവും വലിയകുളം ജംഗ്ഷനിൽ നിർവഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി. അമ്പലപ്പുഴ മണ്ഡലത്തോടൊപ്പം കേരളത്തിലെ എല്ലാ നിയോജക മണ്ഡലങ്ങളിലും വികസന കൊടുങ്കാറ്റ് വീശിയതായി മന്ത്രി കെ.രാജൻ പറഞ്ഞു. വരുന്ന നവംബർ ഒന്നിന് കേരളം അതി ദരിദ്രരില്ലാത്ത സംസ്ഥാനമെന്ന ചരിത്ര നേട്ടത്തിലേക്ക് കടക്കുകയാണ്. ഭൂരഹിതർ ഇല്ലാത്ത കേരളം എന്ന നയത്തിന്റെ ഭാഗമായി 4,09,998 പട്ടയങ്ങൾ വിതരണം ചെയ്തു കഴിഞ്ഞെന്നും മന്ത്രി കൂട്ടിച്ചേർത്തു. എച്ച്. സലാം എംഎൽഎ ചടങ്ങിൽ അധ്യക്ഷത വഹിച്ചു. 1809 കോടി രൂപയുടെ വികസനമാണ് അമ്പലപ്പുഴ മണ്ഡലത്തിൽ ഉണ്ടായിരിക്കുന്നതെന്ന് എച്ച്. സലാം എംഎൽഎ പറഞ്ഞു. ജില്ലാ കളക്ടർ അലക്സ് വർഗീസ്, ആലപ്പുഴ നഗരസഭാ ചെയർപേഴ്സൺ കെ.കെ. ജയമ്മ, വൈസ് ചെയർമാൻ പി.എസ്.എം. ഹുസൈൻ, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺമാരായ എ.എസ്. കവിത, എം.ആർ. പ്രേം, വാർഡ് കൗൺസിലർമാരായ ഇല്ലിക്കൽ കുഞ്ഞുമോൻ, സിമി ഷാഫി ഖാൻ, പ്രഭാ ശശികുമാർ, എഡിഎം ആശ ഏബ്രഹാം, അജയ് സുധീന്ദ്രൻ, ആർ. സുരേഷ്, നസീർ സലാം, ജമാൽ പള്ളാത്തുരുത്തി, എ.എം. നൗഫൽ തുടങ്ങിയവർ പ്രസംഗിച്ചു.

# ആരോഗ്യ സെമിനാർ ഒക്ടോബർ 14 ന് തിരുവല്ലയിൽ

**തിരുവനന്തപുരം:** കേരളത്തിന്റെ ആരോഗ്യ മേഖല വിഷൻ 2031 നയരേഖ ഒക്ടോബർ 14 ന് പത്തനംതിട്ട തിരുവല്ല ബിലിവേഴ്സ് കൺവെൻഷൻ സെന്ററിൽ ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് അവതരിപ്പിക്കും. രാവിലെ 9.30ന് ആരംഭിക്കുന്ന ചടങ്ങിൽ അഡ്വ. മാത്യു ടി തോമസ് എംഎൽഎ സ്വാഗതം ആശംസിക്കും. ആരോഗ്യ രംഗത്തെ കഴിഞ്ഞ ദശകത്തിലെ നേട്ടത്തെ കുറിച്ച് ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ഡോ. രാജൻ എൻ ഖോബ്രഗഡെ വിശദീകരിക്കും.

ആരോഗ്യ രംഗത്തെ വിവിധ വിഷയങ്ങളിൽ അധിഷ്ഠിതമായ 10 പാനൽ ചർച്ചകൾ നാല് വേദികളിലായി അരങ്ങേറും. അതാത് രംഗത്തെ വിദഗ്ധർ മോഡറേറ്ററുകളായും പാനലിസ്റ്റുകളായും പങ്കെടുക്കും. കാൻസർ, വയോജന പരിപാലനം, പാലിയേറ്റീവ് കെയർ തുടങ്ങിയ സെഷനിൽ മലബാർ ക്യാൻസർ സെന്റർ ഡയറക്ടർ ഡോ. ബി സതീശനും ഹൃദ്രോഗങ്ങൾ, സ്ട്രോക്ക്, പ്രമേഹം, രക്തസമർദം, കുട്ടികളിലെ ജീവിതശൈലീ രോഗങ്ങൾ, സിഒപിഡി വിഷയങ്ങളിൽ അമൃത ആശുപത്രിയിലെ കൺസൾട്ടന്റ് കാർഡിയോളജിസ്റ്റ് ഡോ. ജയ്ദീപ് സി മേനോനും മോഡറേറ്ററാകും. മെഡിക്കൽ ഗവേഷണം, ടെറിഷ്യറി കെയർ ശാക്തീകരണം വിഷയങ്ങളിൽ ജവഹർലാൽ നെഹ്റു സെന്റർ ഫോർ അഡ്വാൻസ്ഡ് സയൻസ് റിസർച്ചിലെ പ്രൊഫ. ചന്ദ്രഭാസ് നാരായണ, പൊതുജനാരോഗ്യത്തിന്റെ സാമ്പത്തിക ശാസ്ത്രത്തിൽ പ്ലാനിംഗ് ബോർഡ് വിദഗ്ധ അംഗം ഡോ. പി. കെ. ജമീല, ആയുഷ് മേഖലയുമായി ബന്ധപ്പെട്ട വിഷയത്തിൽ ആയുർവേദ മെഡിക്കൽ അസോസിയേഷൻ ഓഫ് ഇന്ത്യയിലെ ഡോ. വി.ജി. ഉദയകുമാർ, ഹോമിയോപ്പതി പ്രിൻസിപ്പൽ ആന്റ് കൺട്രോളിംഗ് ഓഫീസർ ഡോ. ടി.കെ. വിജയൻ, സാംക്രമിക രോഗങ്ങൾ, ഏകാരോഗ്യ പദ്ധതി എന്നിവയിൽ ഐഎവി ഡയറക്ടർ ഡോ. ഇ. ശ്രീകുമാർ എന്നിവർ മോഡറേറ്ററാകും.


എമർജൻസി ആന്റ് ട്രോമകെയർ, ദുരന്ത നിവാരണം വിഷയങ്ങളിൽ ആരോഗ്യ വകുപ്പ് അഡീഷണൽ സെക്രട്ടറി ഷീബ ജോർജ്, സ്ത്രീകളുടേയും കുഞ്ഞുങ്ങളുടേയും ആരോഗ്യം, തീരദേശ മേഖലയിലേയും ഗോത്ര വിഭാഗങ്ങളുടേയും ആരോഗ്യം വിഷയങ്ങളിൽ കാസർഗോഡ് മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഡോ. പി എസ് ഇന്ദു, മരുന്ന് ഗവേഷണം, ഉൽപാദനം, ചികത്സയുടെ ഭാവി വിഷയങ്ങളിൽ അസി. ഡ്രഗ്സ് കൺട്രോളർ ഡോ. ഷാജി എം വർഗീസ്, ഭക്ഷ്യ സുരക്ഷയിൽ ഡബ്ല്യുഎച്ച്ഒ കൺസൾട്ടന്റ് ഡോ. എൻ. ആനന്ദവല്ലി എന്നിവർ മോഡറേറ്ററാകും. ലോകബാങ്ക് ലീഡ് എക്കണോമിസ്റ്റ് ഡോ. അജയ് ടണ്ടൻ, ആരോഗ്യ വിദഗ്ധ ഡോ. ദേവകി നമ്പ്യാർ എന്നിവരും പങ്കെടുക്കും.

വൈകിട്ട് 3.30 മുതൽ ചർച്ചയുടെ ആശയ ക്രോഡീകരണം മന്ത്രി വീണാ ജോർജ് അവതരിപ്പിക്കും. സെമിനാറിൽ ഉരുത്തിരിയുന്ന ആശയങ്ങൾ ആരോഗ്യ മേഖലയിലെ ഭാവി പദ്ധതികളുടെ ആസൂത്രണത്തിന് സഹായിക്കും. സ്റ്റേറ്റ് ഹെൽത്ത് ഏജൻസി എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. അരുൺ എസ് നായർ നന്ദി രേഖപ്പെടുത്തും.

ആരോഗ്യ സൂചകങ്ങളിലും പൊതുജനാരോഗ്യ നിലവാരത്തിലും വികസിത രാജ്യങ്ങൾക്കൊപ്പമാണ് കേരളം. ആർദ്രം മിഷന്റെ ഭാഗമായുള്ള ജനസൗഹൃദ പരിവർത്തനം, ആരോഗ്യ മേഖലയുടെ ഡിജിറ്റലൈസേഷൻ, സാർവത്രിക സാന്ത്വന പരിചരണം, ഗുണനിലവാരമുള്ള ആധുനിക ലാബ് ശൃംഖല, നൂതന ചികത്സാ സംവിധാനം, ജീവിതശൈലീ രോഗങ്ങളുടേയും പകർച്ച വ്യാധികളുടേയും പ്രതിരോധത്തിനായുള്ള ജനകീയ കാമ്പയിൻ തുടങ്ങിയവ ആരോഗ്യ മേഖലയുടെ പുരോഗതിക്ക് ഇടയാക്കി. സംസ്ഥാനത്തിന്റെ ഭാവി വികസനം ആസൂത്രണം ചെയ്യുന്നതിനും 2031ൽ കേരളം എങ്ങനെയായിരിക്കണം എന്നതാണ് സെമിനാറിന്റെ ലക്ഷ്യം. സംസ്ഥാനമാകെ 33 വിഷയങ്ങളിൽ സെമിനാർ സംഘടിപ്പിക്കും. 2016 മുതൽ ആരോഗ്യ മേഖലയിലെ സുപ്രധാന പദ്ധതികളും കൈവരിച്ച നേട്ടങ്ങളും വിശകലനം ചെയ്യും. നിലവിൽ അഭിമുഖീകരിക്കുന്ന വെല്ലുവിളി അപഗ്രഥിച്ച് അവയെ നേരിടുന്നതിനുള്ള പദ്ധതികളും ഭാവി വികസനത്തിനുള്ള മാർഗ രേഖയും ആവിഷ്കരിക്കും. ആരോഗ്യ മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന വിദഗ്ധരും ആരോഗ്യ പ്രവർത്തകരും അനുഭവങ്ങളും ആശയങ്ങളും നിർദേശങ്ങളും സെമിനാറിൽ പങ്കുവയ്ക്കും.

# കേരള മോഡൽ: മാനവ വികസനത്തിലെ ലോകമാതൃക ധനമന്ത്രി കെ.എൻ. ബാലഗോപാൽ

**കൊച്ചി:** എല്ലാവരെയും ഒരുപോലെ ചേർത്ത് പിടിച്ചുള്ള കേരള മോഡൽ മാനവ വികസനത്തിലെ ലോകമാതൃകയാണെന്ന് ധനകാര്യ വകുപ്പ് മന്ത്രി കെ.എൻ. ബാലഗോപാൽ പറഞ്ഞു. വിഷൻ 2031 ന്റെ ഭാഗമായി ധനകാര്യവകുപ്പ് എറണാകുളം ഗോകുലം പാർക്ക് കൺവെൻഷൻ സെന്ററിൽ സംഘടിപ്പിച്ച സംസ്ഥാനതല സെമിനാറിൽ കേരളം @ 2031: ഒരു പുതിയ ദർശനം എന്ന വിഷയത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി. പൊതു വികസനത്തിൽ എല്ലാവരെയും പരിഗണിക്കുന്ന മാതൃക കേരളത്തിന്റെ സവിശേഷതയാണ്. ലോകത്തിലെ ഏറ്റവും സമ്പന്ന രാഷ്ട്രങ്ങളേക്കാൾ വരുമാനം കുറവാണെങ്കിലും, മനുഷ്യ വികസന സൂചികയിൽ കേരളം മുന്നിലാണ്. ശിശുമരണ നിരക്കിന്റെ കണക്കുകളിൽ കേരളം അമേരിക്കൻ ഐക്യനാടുകളേക്കാൾ മുന്നിലാണ്. ജനനം മുതൽ മരണം വരെ മനുഷ്യന്റെ ജീവിതത്തിനൊപ്പം നിൽക്കുന്നതാണ് കേരളീയ സമൂഹം. മുൻപ് ഇന്ത്യൻ ശരാശരിയേക്കാൾ 30% കുറവായിരുന്ന കേരളത്തിന്റെ ആളോഹരി വരുമാനം ഇപ്പോൾ 50-60% ആണ്. ഏറ്റവും കൂടുതൽ ആളോഹരി വരുമാനമുള്ള സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം. സംസ്ഥാനത്തിന്റെ സമ്പത്ത് ഒരു നഗരത്തിൽ കേന്ദ്രീകരിക്കാതെ, സൗകര്യങ്ങൾ കുറച്ചുകൂടി വിതരണം ചെയ്യപ്പെട്ടിരിക്കുന്നു എന്നതാണ് കേരളത്തിന്റെ പ്രത്യേകത. വിദ്യാഭ്യാസത്തിനും ആരോഗ്യത്തിനുമാണ് ഏറ്റവും കൂടുതൽ പണം മുടക്കിയത്. സംസ്ഥാന സർക്കാർ ചെലവഴിക്കുന്ന ശമ്പളത്തിൽ 50% അധികം അധ്യാപകർക്കും ആരോഗ്യ പ്രവർത്തകർക്കുമാണ് എന്നത് ഈ മുൻഗണന വ്യക്തമാക്കുന്നു എന്നും മന്ത്രി പറഞ്ഞു. ധനകാര്യ വകുപ്പ് നേട്ടങ്ങളും ഭാവി കാഴ്ചപ്പാടുകളും സംസ്ഥാനതല സെമിനാർ ഉദ്ഘാടന ചടങ്ങിൽ ധനകാര്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി കെ ആർ ജ്യോതിലാൽ ധനസ്ഥിതി റിപ്പോർട്ട് അവതരിപ്പിച്ചു. സെക്രട്ടറിമാരായ അജിത് പാട്ടീൽ(ധനകാര്യ റിസോഴ്സസ്) , കേശവേന്ദ്ര കുമാർ (ഫിനാൻസ് എക്സ്പെന്റീച്ചർ) തുടങ്ങിയവർ സംസാരിച്ചു.




**സന്യാസിമാർ നയിക്കുന്ന ധർമ്മ സന്ദേശയാത്രയ്ക്ക് എറണാകുളം ജില്ലയിൽ നൽകുന്ന സ്വീകരണ പരിപാടികൾ സംബന്ധിച്ച് സ്വാഗത സംഘം വർക്കിങ്ങ് ചെയർമാൻ സ്വാമി അനഘമൃതാനന്ദ പുരി, ജനറൽ സെക്രട്ടറി സ്വാമി ശിവ സ്വരൂപാനന്ദ എന്നിവർ വാർത്താ സമ്മേളനത്തിൽ വിശദീകരിക്കുന്നു**

## ധർമ്മ സന്ദേശ യാത്ര ഇന്ന് എറണാകുളത്ത്

**കൊച്ചി:** ഭാർഗവ ക്ഷേത്രത്തിന്റെ മൂല്യങ്ങളും തനിമയും നിലനിർത്തുവാനും, ആർഷഭാരതത്തിന്റെ ഐക്യവും അഖണ്ഡതയും ഊട്ടി ഉറപ്പിക്കുവാനും ലക്ഷ്യമിട്ട് ഒക്ടോബർ 7ന് കാസർഗോഡ് നിന്നും ആരംഭിച്ച സന്യാസിമാർ നയിക്കുന്ന ധർമ്മ സന്ദേശയാത്രയ്ക്ക് ഇന്ന് (ഒക്ടോബർ 14) എറണാകുളം ജില്ലയിൽ സ്വീകരണം നൽകുമെന്ന് സ്വാഗത സംഘം വർക്കിങ്ങ് ചെയർമാൻ സ്വാമി അനഘമൃതാനന്ദ പുരി, ജനറൽ സെക്രട്ടറി സ്വാമി ശിവ സ്വരൂപാനന്ദ എന്നിവർ വാർത്താ സമ്മേളനത്തിൽ പറഞ്ഞു. രാവിലെ 10 ന് എറണാകുളം ടി.ഡി.എം ഹാളിൽ നടക്കുന്ന ഹിന്ദു നേതൃ സമ്മേളനത്തോടെ ജില്ലയിലെ സ്വീകരണ പരിപാടികൾ ആരംഭിക്കും. വാഴൂർ തീർത്ഥപാദാശ്രമം മഠാധിപതി സ്വാമി പ്രജ്ഞാനന്ദ തീർത്ഥപാദർ ഉദ്ഘാടനംചെയ്യും. സ്വാഗത സംഘം വൈസ് ചെയർമാൻ ശശിധരമേനോൻ അദ്ധ്യക്ഷത വഹിക്കും. രാവിലെ 8 മണിക്ക് അങ്കമാലി കെ.എസ്.ആർ.ടി.സി സ്റ്റാന്റ് പരിസരത്ത് എറണാകുളം ജില്ലയിലേക്ക് സ്വീകരിക്കുന്ന സന്ദേശ യാത്ര വിവിധ പ്രദേശങ്ങളിലൂടെ സഞ്ചരിച്ച് വൈകുന്നേരം 4.30 ന് എറണാകുളം നഗരത്തിൽ എത്തിച്ചേരും തുടർന്ന് ഡി.എച്ച് ഗ്രൗണ്ടിലെ എറണാകുളം ശിവക്ഷേത്ര പരിസരത്ത് നിന്നും വാദ്യഘോഷ ആരവങ്ങളോടെ വിവിധ ഹൈന്ദവ സംഘടനകളുടെ നേതൃത്വത്തിൽ രാജേന്ദ്ര മൈതാനിയിലേക്ക് യാത്രയെ സ്വീകരിച്ചാനയിക്കും. തുടർന്ന് നടക്കുന്ന ധർമ്മരക്ഷാ മഹാസംഗമം മാർഗ്ഗദർശക മണ്ഡൽ അദ്ധ്യക്ഷൻ സ്വാമി ചിദാനന്ദപുരി ഉദ്ഘാടനംചെയ്യും. സ്വാഗത സംഗമം ചെയർമാൻ പി. രാമചന്ദ്രൻ അധ്യക്ഷത വഹിക്കും. സ്വാമി അദ്യാത്മാനന്ദ സരസ്വതി, സ്വാമി പ്രജ്ഞാനന്ദ തീർത്ഥപാദർ, സ്വാമി സത് സ്വരുപാനന്ദ സരസ്വതി, സ്വാമി അയ്യപ്പദാസ്, സ്വാമി നന്ദാത്മജാനന്ദ, സ്വാമി അനഘാമൃതാനന്ദ പുരി തുടങ്ങി 41 സന്യാസിശ്രേഷ്ഠർ സംഗമത്തിൽ പങ്കെടുക്കും.




**കൊച്ചിയിൽ ചേർന്ന ശിവസേന സംസ്ഥാന നേതൃസംഗമം പാർട്ടി ദക്ഷിണേന്ത്യൻ ഓർഗനൈസിംഗ് സെക്രട്ടറി എം. എസ് ഭുവനചന്ദ്രൻ ഉദ്ഘാടനം ചെയ്യുന്നു. വി. എസ് വൈശാഖ്, ശാന്താലയം ശശികുമാർ, രാജീവ് രാജധാനി, ഒറ്റശേഖരമംഗലം കൃഷ്ണൻകുട്ടി, അഡ്വ. പേരൂർക്കട ഹരികുമാർ, അഡ്വ. സാം ഐസക്, അനിൽദാമോദർ, ടി.ആർ ദേവൻ, രാധാകൃഷ്ണ മേനോൻ എന്നിവർ സമീപം**

## തദ്ദേശ സ്വയംഭരണ തിരഞ്ഞെടുപ്പ്: 1400 വാർഡുകളിൽ മത്സരിക്കുമെന്ന് ശിവസനേ

**കൊച്ചി:** ഈ വർഷം നടക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പിൽ എൻഡിഎ മുന്നണിയുടെ ഭാഗമായ ശിവസേന കേരളത്തിലെ ഗ്രാമപഞ്ചായത്ത്, നഗരസഭ, കോർപ്പറേഷൻ, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് തുടങ്ങി 1400 വാർഡുകളിൽ സ്ഥാനാർത്ഥികളെ മത്സരിപ്പിക്കാൻ കൊച്ചിയിൽ ചേർന്ന സംസ്ഥാന നേതൃസംഗമം തീരുമാനിച്ചതായി ശിവസേന സംസ്ഥാന അധ്യക്ഷൻ അഡ്വ. പേരൂർക്കട ഹരികുമാർ പറഞ്ഞു. തെരഞ്ഞെടുപ്പിന്റെ മുന്നൊരുക്കങ്ങൾ ക്രമപ്പെടുത്തുന്നതിന് ജില്ലാ, നിയോജകമണ്ഡലം ഭാരവാഹികളെ സംസ്ഥാന കമ്മിറ്റി ചുമതലപ്പെടുത്തി. ശബരിമല സ്വർണ്ണക്കൊള്ളയുമായി ബന്ധപ്പെട്ട് ഈ മാസം 17ന് എൻഡിഎ നേതൃത്വത്തിൽ നടത്തുന്ന സെക്രട്ടറിയേറ്റ് മാർച്ച് വിജയിപ്പിക്കുന്നതിന് ആയിരം പേരെ പങ്കെടുപ്പിക്കാനും യോഗം തീരുമാനിച്ചു. പാർട്ടി സംസ്ഥാന പ്രസിഡന്റ് അഡ്വ. പേരൂർക്കട ഹരികുമാറിന്റെ അധ്യക്ഷതയിൽ നടന്ന യോഗം പാർട്ടി ദക്ഷിണേന്ത്യയുടെ ചുമതലയുള്ള ഓർഗനൈസിംഗ് സെക്രട്ടറി എം എസ് ഭുവനചന്ദ്രൻ ഉദ്ഘാടനം ചെയ്തു. പാർട്ടി ദക്ഷിണ മേഖല കൺവീനർ അഡ്വ. സാം ഐസക് രാഷ്ട്രീയ പ്രമേയം അവതരിപ്പിച്ചു. സംസ്ഥാന ജനറൽ സെക്രട്ടറി രാധാകൃഷ്ണമേനോൻ, വൈസ് പ്രസിഡന്റുമാരായ രാജീവ് രാജധാനി മോഹൻകുമാർ നായർ, സംസ്ഥാന സെക്രട്ടറിമാരായ ടി ആർ ദേവൻ, ഒറ്റശേഖരമംഗലം കൃഷ്ണൻകുട്ടി, അനിൽ ദാമോദർ, പാർട്ടി സംസ്ഥാന നേതാക്കളായ ശാന്താലയം ശശികുമാർ, ആറ്റുകാൽ സുനിൽ, ശശികുമാർ ഭാസി, വി.എസ് വൈശാഖ് എന്നിവർ പ്രസംഗിച്ചു.




# ആളുകളിൽ മാറ്റങ്ങളുണ്ടാക്കേണ്ടത് ഗുണങ്ങൾ എടുത്തുപറഞ്ഞ്: കെ.എസ് ശർമ

**കൊച്ചി:** ഒരാളെ മറ്റൊരാളാക്കാനുള്ള ഏറ്റവും മികച്ച മാർഗ്ഗം അയാളുടെ ഗുണങ്ങൾ എടുത്തുപറയുകയാണെന്ന് എക്സിക്യൂട്ടീവ് എജുക്കേറ്ററും കോളബറേഷൻ കോച്ചും മീഡിയേറ്ററുമായ കെ.എസ് ശർമ പറഞ്ഞു. കേരള മാനേജ്മെന്റ് അസോസിയേഷൻ ഇൻസൈറ്റ് എക്സ് സീരിസ് എട്ടാം എഡിഷനിൽ ഉന്നതതലത്തിലുള്ള മാനേജർമാർ നേരിടുന്ന പ്രതിസന്ധികൾ എന്ന വിഷയത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.ഒരാൾ എങ്ങനെയാണോ അയാളെ കേവലം അങ്ങനെതന്നെ കണ്ടാൽ അയാളിൽ മാറ്റമുണ്ടാകില്ലെന്നും എന്നാൽ അയാൾ എങ്ങനെ ആവണമോ അതുപോലെ പരിഗണിച്ചാൽ അവർ അങ്ങനെയായിത്തീരുമെന്നും അദ്ദേഹം പറഞ്ഞു. എല്ലാവർക്കും മികച്ച ഗുണങ്ങളുണ്ട്. അത് മറ്റുള്ളവർ തിരിച്ചറിയുമ്പോഴാണ് എല്ലാവരും ഉയരത്തിലെത്തുകയെന്നും അദ്ദേഹം പറഞ്ഞു.സ്വയം സ്നേഹിക്കുന്നവർക്ക് മാത്രമാണ് മറ്റുള്ളവരേയും സ്നേഹിക്കാൻ സാധിക്കുക. സ്വയം വെറുക്കുന്നവർ മറ്റുള്ളവരേയും വെറുക്കുമെന്നും അദ്ദേഹം വിശദമാക്കി. കേരള മാനേജ്മെന്റ് അസോസിയേഷൻ വൈസ് പ്രസിഡന്റും പ്രോഗ്രാം ചെയറുമായ ദിലീപ് നാരായണൻ സ്വാഗതവും ഹോണററി സെക്രട്ടറി കെ അനിൽ വർമ നന്ദിയും പറഞ്ഞു.

# ചെറുമത്തി പിടിക്കരുത്; നിയന്ത്രണം കർശനമായി പാലിക്കണം: മുന്നറിയിപ്പുമായി സിഎംഎഫ്ആർഐ

**കൊച്ചി:** കേരള തീരത്ത് മത്തി കുഞ്ഞുങ്ങൾ ധാരാളമായി പ്രത്യക്ഷപ്പെടുന്ന സാഹചര്യത്തിൽ, പിടിക്കാവുന്ന നിയമപരമായ വലിപ്പമായ 10 സെ.മീ താഴെയുള്ള കുഞ്ഞുങ്ങളെ പിടിക്കുന്നത് കർശനമായി ഒഴിവാക്കണമെന്ന് കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം. അനുകൂലമായ മഴയിൽ കടലോപരിതലം കൂടുതൽ ഉൽപാദനക്ഷമമായതാണ് മത്തി വൻതോതിൽ കേരള തീരത്ത് ലഭ്യമാകാൻ കാരണമെന്ന് അടുത്തിടെ സിഎംഎംഎഫ്ആർഐ പഠനം വ്യക്തമാക്കിയിരുന്നു. എണ്ണത്തിൽ വർധനവുണ്ടായതോടെ ഭക്ഷ്യലഭ്യതയിൽ ക്രമേണ കുറവുണ്ടാവുകയും അത് വളർച്ചയെ ബാധിച്ചതായും പഠനം കണ്ടെത്തിയിരുന്നു. എന്നാൽ, മത്തിയുടെ വളർച്ചയുമായി ബന്ധപ്പെട്ട് സിഎംഎഫ്ആർഐയുടെ പഠനം തെറ്റായി വിലയിരുത്തപ്പെടുന്നത് ശ്രദ്ധയിൽ പെട്ടതായും മത്തി ഇനി വളരില്ല എന്ന രീതിയിലുള്ള വ്യാഖ്യാനങ്ങൾ ഒട്ടും ശരിയല്ലെന്നും സിഎംഎഫ്ആർഐ ഡയറക്ടർ ഡോ ഗ്രിൻസൺ ജോർജ് പറഞ്ഞു.

ചെറുമത്സ്യബന്ധനം ഒരു തരത്തിലും പ്രോത്സാഹിപ്പിക്കരുത്. തീരക്കടലുകൾ ഇപ്പോഴും ഉയർന്ന ഉൽപ്പാദനക്ഷമമാണെന്നതിനാൽ ചെറുമത്തികൾ ധാരാളമായി കാണപ്പെടുന്നുണ്ട്. ഇതിനെ സുസ്ഥിരമായി പ്രയോജനപ്പെടുത്താൻ എം എൽ എസ് പ്രകാരമുള്ള നിയന്ത്രിത മത്സ്യബന്ധനമാണ് വേണ്ടത്. സുസ്ഥിരത ഉറപ്പാക്കാനും മത്സ്യത്തൊഴിലാളികളുടെ ഉപജീവനം സംരക്ഷിക്കാനും ഇതാവശ്യമാണ് സിഎംഎഫ്ആർഐ ഡയറക്ടർ പറഞ്ഞു.

മത്തിയുടെ ലഭ്യതയും വളർച്ചയും പ്രധാനമായും പാരിസ്ഥിതിക മാറ്റങ്ങളെ ആശ്രയിച്ചാണിരിക്കുന്നത്. ഇവയുടെ ലഭ്യതയിൽ തകർച്ച നേരിടാതിരിക്കാൻ സുസ്ഥിരമായ മത്സ്യബന്ധന രീതികൾ സ്വീകരിക്കേണ്ടത് അത്യാവശ്യമാണ്. മത്തിയുടെ പ്രജനനത്തിനും കുഞ്ഞുങ്ങളുടെ വളർച്ചയ്ക്കും ഇത് നിർണായകമാണെന്നും സിഎംഎഫ്ആർഐ ഗവേഷകർ ചൂണ്ടിക്കാട്ടി. തീരെ ചെറിയ മത്തി പിടിക്കുന്നത് മത്തി ലഭ്യതയെ ദോഷകരമായി ബാധിക്കാൻ കാരണമാകുമെന്ന് പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. യു ഗംഗ പറഞ്ഞു.

# ദീപാവലി ആഘോഷം: ക്യാമ്പയിൻ തുടങ്ങി

**കൊച്ചി:** ദീപാവലി ആഘോഷത്തിന്റെ ഭാഗമായി പ്രത്യേക ക്യാമ്പയിൻ അവതരിപ്പിച്ച് ആൽമണ്ട് ബോർഡ് ഓഫ് കാലിഫോർണിയ. ദീപാവലിക്ക്, ആഘോഷങ്ങളുടെ ഹൃദയത്തിൽ ആരോഗ്യം നിലനിർത്തിക്കൊണ്ട് ഓരോ നിമിഷവും ആഘോഷിക്കാൻ പ്രതിജ്ഞയെടുക്കാമെന്ന് ക്യാമ്പയിൻ ചൂണ്ടിക്കാട്ടുന്നു. ഇതിനായി ബദാം പോലുള്ള ആരോഗ്യകരമായ ഭക്ഷണപദാർഥങ്ങൾ ആഘോഷങ്ങളിൽ ഉൾപ്പെടുത്താം. സ്വാഭാവികമായ പ്രോട്ടീൻ, ഫൈബർ, ഹൃദയാരോഗ്യത്തിന് ഉത്തമമായ കൊഴുപ്പുകൾ എന്നിവയാൽ സമ്പന്നമാണ് ബദാം. എല്ലാ ദീപാവലി വിരുന്നുകളിലും അനായാസം ഉൾപ്പെടുത്താൻ കഴിയുന്ന ഭക്ഷണമാണ് ബദാം. ആരോഗ്യകരമായ പലഹാരമായോ, മധുര പലഹാരങ്ങളിൽ ചേർത്തോ, അല്ലെങ്കിൽ രുചിയും ആരോഗ്യവും ഒരുപോലെ നൽകുന്ന സമ്മാനമായോ നൽകാമെന്നും ബോളിവുഡ് നടി സോഹ അലി ഖാൻ, ആയുർവേദ വിദഗ്ധയായ ഡോ. മധുമിത കൃഷ്ണൻ, ന്യൂട്രീഷൻ ആൻഡ് വെൽനസ് കൺസൾട്ടന്റ് ഷീല കൃഷ്ണസ്വാമി തുടങ്ങിയവർ അഭിപ്രായപ്പെട്ടു.

# കേരളം ബിസിനസ് സൗഹൃദ സംസ്ഥാനം; കെപിഎംജി ഇൻ ഇന്ത്യസിഐഐ റിപ്പോർട്ട് പുറത്തിറങ്ങി

**കൊച്ചി:** ദേശീയ സാമ്പത്തിക രംഗത്തെ സ്വാധീനിക്കുന്ന ബിസിനസ് സൗഹൃദ സംസ്ഥാനമായി കേരളം മാറിയെന്ന് കെപിഎംജി ഇൻ ഇന്ത്യസിഐഐ റിപ്പോർട്ട്. കൊച്ചിയിൽ നടന്ന സിഐഐ കേരള ബാങ്കിംഗ് ആൻഡ് എൻബിഎഫ്സി ഉച്ചകോടിയിലാണ് റിപ്പോർട്ട് അവതരിപ്പിച്ചത്.

ഇന്ത്യൻ ബാങ്കിംഗ്, ധനകാര്യ സേവനങ്ങൾ, ഇൻഷ്വറൻസ് (ബിഎഫ്എസ്ഐ) രംഗത്ത് നടന്നുകൊണ്ടിരിക്കുന്ന മാറ്റങ്ങൾ റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നുണ്ട്. എല്ലാവരെയും ഉൾപ്പെടുത്തൽ, സുസ്ഥിരത എന്നിവയിലൂടെ സാമ്പത്തിക രംഗത്തെ ചലനാത്മക സ്വാധീനമേഖലയായി കേരളം വളരുന്നു. യുപിഐ, ആധാർ, അക്കൗണ്ട് അഗ്രഗേറ്ററുകൾ തുടങ്ങിയ ഡിജിറ്റൽ സൗകര്യങ്ങൾ പകർന്ന പുരോഗതിയുടെ കരുത്തിൽ ഇന്ത്യയിലെ ബിഎഫ്എസ്ഐ മേഖല 2025ൽ 91 ട്രില്യൺ രൂപ മൂല്യത്തിലേക്ക് ഉയർന്നു. ശക്തമായ സഹകരണ ബാങ്കിംഗ് പൈതൃകത്തിനും നൂതനമായ എൻബിഎഫ്സികൾക്കും പേരുകേട്ട കേരളത്തിൻറെ സാമ്പത്തിക ആവാസവ്യവസ്ഥ ഈ ദേശീയ പരിണാമത്തിനു പ്രചോദനമാണെന്നും റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു.

ഗ്രാമീണ, അർധനഗര പ്രദേശങ്ങളിലേക്ക് എത്തുന്ന മുൻനിര മൈക്രോഫിനാൻസ്, എംഎസ്എംഇ വായ്പ, സ്ത്രീകൾ കേന്ദ്രീകരിച്ചുള്ള സാമ്പത്തിക ഉത്പന്നങ്ങൾ എന്നിവയിലൂടെ എല്ലാവരെയും സാമ്പത്തിക സേവനങ്ങളിൽ ഉൾപ്പെടുത്തുന്നതിൽ കേരളം മുന്നിലാണെന്ന് കെപിഎംജിയുടെ കൊച്ചിയിലെ ഫിനാൻഷൽ സർവീസസ് ടെക്നോളജി ലീഡറും ഓഫീസ് മാനേജിംഗ് പാർട്ണറുമായ വിഷ്ണു പിള്ള പറഞ്ഞു.



# കേരളത്തിൽ സാന്നിധ്യം ശക്തമാക്കാൻ സിമ്പിൾ എനർജി

**കോഴിക്കോട്:** ബെംഗളൂരു ആസ്ഥാനമായ ഓട്ടോമോട്ടീവ് കമ്പനി സിമ്പിൾ എനർജി കേരളത്തിൽ തങ്ങളുടെ സാന്നിധ്യം കൂടുതൽ ശക്തമാക്കുന്നു. കോഴിക്കോട്ടും മലപ്പുറത്തും പുതിയ സ്റ്റോറുകൾ ആരംഭിക്കുന്നതിലൂടെ വടക്കൻ കേരളത്തിലേക്കും തങ്ങളുടെ പ്രവർത്തന മേഖല വ്യാപിപ്പിക്കാനാണ് കമ്പനി ലക്ഷ്യമിടുന്നത്. ഇതിനായി സിമ്പിൾ എനർജി എഎം മോട്ടോഴ്സുമായി സഹകരണം പ്രഖ്യാപിച്ചിട്ടുണ്ട്. ആലപ്പുഴ, കൊല്ലം, മൂവാറ്റുപഴ എന്നിവിടങ്ങളിൽ പുതിയ സ്റ്റോറുകൾ ഉടൻ ആരംഭിക്കും. എഎം മോട്ടോഴ്സ് തന്നെയാകും ഡീലർഷിപ്പ് പങ്കാളി.

# കാർത്തിക് ലൈവ്: കൊച്ചിയിൽ ഷോ ഡിസംബറിൽ




**കൊച്ചി:** സംഗീത പ്രേമികളെ ആവേശത്തിലാക്കാൻ പുതിയ മ്യൂസിക് ടൂറുമായി ഗായകനും സംഗീത സംവിധായകനുമായ കാർത്തിക് എത്തുന്നു. ആരാധകർ ഏറെ പ്രതീക്ഷയോടെ കാത്തിരിക്കുന്ന കാർത്തിക്കിന്റെ ലൈവ് സംഗീതയാത്രയായ കാർത്തിക് ലൈവ് നവംബർ 30മുതലാണ് ആരംഭിക്കുന്നത്. ബുക്ക്മൈഷോയുടെ സഹസംരംഭമായ ട്രൈബ്വൈബ് എന്റർടൈൻമെന്റ് ഒരുക്കുന്ന ഈ ടൂർ ദക്ഷിണേന്ത്യയിലെ പ്രധാന പതിനൊന്ന് നഗരങ്ങളിലൂടെ ഒഴുകി നീങ്ങി സംഗീത പ്രേമികൾക്ക് മറക്കാനാവാത്ത അനുഭവം തന്നെ സമ്മാനിക്കും. 2025 നവംബർ 30ന് ആരംഭിക്കുന്ന മ്യൂസിക് ടൂർ തിരുപ്പതി, വിശാഖപട്ടണം, കോയമ്പത്തൂർ, കൊച്ചി, രാജമുന്ധ്രി, ബെംഗളൂരു, ഹൈദരാബാദ്, വിജയവാഡ, ചെന്നൈ, മധുര, വാറങ്കൽ എന്നീ നഗരങ്ങളിലാണ് അരങ്ങേറുക. ഡിസംബർ 19നാണ് കൊച്ചിയിലെ ഷോ. ടിക്കറ്റുകൾ ഇന്ത്യയിലെ പ്രമുഖ എന്റർടൈൻമെന്റ് വെബ്സൈറ്റായ ബുക്ക്മൈഷോയിൽ ലഭ്യമാണ്.

# ഉത്സവ വിപണിക്ക് ഉണർവേകി മീഷോ

**കൊച്ചി:** മീഷോയുടെ വാർഷിക മെഗാ ബ്ലോക്ക്ബസ്റ്റർ സെയിൽ 2025 ഉപഭോക്താക്കളുടെയും വിൽപ്പനക്കാരുടെയും ബ്രാൻഡുകളുടെയും റെക്കോർഡ് പങ്കാളിത്തത്തോടെ ഉത്സവ വിപണിക്ക് പുതിയ ഉണർവേകി. സെയിലിന്റെ ഭാഗമായി ഏകദേശം 206 കോടി ഉപഭോക്താക്കൾ സന്ദർശിച്ചതായി മീഷോ അധികൃതർ പറയുന്നു. ഉപഭോക്താക്കൾ മൊത്തം 117 ദശലക്ഷം മണിക്കൂറിലധികം മീഷോയിൽ ചിലവഴിച്ചു, പ്രീപെയ്ഡ് ഇടപാടുകളിൽ 57% വർദ്ധന രേഖപ്പെടുത്തി. കുർത്തകളും ആഭരണങ്ങളും പോലുള്ള പരമ്പരാഗത ഉത്സവകാല ഉൽപ്പന്നങ്ങൾക്കൊപ്പം, ഓഫീസ് സപ്ലൈസ് (97% വർദ്ധന), കായിക, ഫിറ്റ്നസ് ഉപകരണങ്ങൾ (86% വർദ്ധന) എന്നീ വിഭാഗങ്ങളിലും കാര്യമായ വളർച്ചയുണ്ടായി. കൂടാതെ, ഏകദേശം 30,000 ക്രിയേറ്റർമാർ നിർമ്മിച്ച 3.5 ലക്ഷം വീഡിയോകൾ, 1.3 ബില്യൺ കാഴ്ചകൾ നേടി, ഇത് ഏകദേശം 49,000 പുതിയ വിൽപ്പനക്കാർക്കും 4.6 കോടി പുതിയ ഉൽപ്പന്നങ്ങൾക്കും ഉപഭോക്താക്കളിലേക്കെത്താൻ പുതിയ വഴി തുറന്നു.

# അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ് (നുവാൽസ്) പി എച്ച് ഡി പ്രോഗ്രാം, എക്സിക്യൂട്ടീവ് എൽ എൽ എം പ്രോഗ്രാം, പി ജി ഡിപ്ലോമ പ്രോഗ്രാമുകൾക്ക് അപേക്ഷകൾ ക്ഷണിച്ചു. 55 ശതമാനം മാർക്കോടുകൂടി നിയമത്തിൽ ബിരുദാനന്തര ബിരുദം നേടിയവർക്കാണ് പി എച്ച് ഡി പ്രോഗ്രാമിന് അപേക്ഷിക്കാനാവുക. സംവരണ വിഭാഗത്തിൽ പെട്ടവർക്ക് നിയമാനുസൃതമായ ഇളവ് ലഭിക്കും. പ്രവേശന പരീക്ഷയുടെയും അഭിമുഖത്തിന്റെയും അടിസ്ഥാനത്തിലായിരിക്കും പ്രവേശനം. യു ജി സി നെറ്റ് നേടിയവർ പ്രവേശന പരീക്ഷ എഴുതേണ്ടതില്ല. അപേക്ഷകൾ ഒക്ടോബർ 29ന് മുമ്പ് നുവാൽസിൽ ലഭിച്ചിരിക്കണം. വിശദ വിവരങ്ങൾക്ക് നുവാൽസ് വെബ്സൈറ്റ് സന്ദർശിക്കാവുന്നതാണ്.



# കൊച്ചി സ്പൈസ് കോസ്റ്റ് മാരത്തൺ 2025: ടീഷർട്ടും മെഡലും പുറത്തിറക്കി

**കൊച്ചി:** കൊച്ചിയിൽ ഈ മാസം 26ന് നടക്കുന്ന കൊച്ചി സ്പൈസ് കോസ്റ്റ് മാരത്തൺ 2025 ന്റെ പത്താം പതിപ്പിനായുള്ള ടീഷർട്ടും ഫിനിഷർ മെഡലും കൊച്ചി മേയർ അഡ്വ. എം. അനിൽ കുമാർ പുറത്തിറക്കി.

കൊച്ചി നഗരസഭ, കൊച്ചി പോലീസ്, സോൾസ് ഓഫ് കൊച്ചിൻ റണ്ണേഴ്സ് ക്ലബ് എന്നിവയുടെ സഹകരണത്തോടെ ഒക്ടോബർ 26നാണ് മാരത്തൺ സംഘടിപ്പിക്കുന്നത്. ഫുൾ മാരത്തൺ (42.2 കിലോമീറ്റർ), ഹാഫ് മാരത്തൺ (21.1 കിലോമീറ്റർ), ഫൺ റൺ (5 കിലോമീറ്റർ) എന്നിങ്ങനെ മൂന്നു വിഭാഗങ്ങളിലാണ് മാരത്തൺ നടക്കുന്നത്. ഫുൾ മാരത്തൺ പുലർച്ചെ 3.30 നും ഹാഫ് മാരത്തൺ പുലർച്ചെ 4.30 നും ഫൺ റൺ പുലർച്ചെ ആറുമണിക്കും ആരംഭിക്കും. മറൈൻ ഡ്രൈവ് ഗ്രൗണ്ടിൽ നിന്ന് ആരംഭിച്ച് ക്വീൻസ് വേ, ഫോർഷോർ റോഡ്, തേവര, രവിപുരം, നേവൽ ബേസ്, വെണ്ടുരുത്തി, തോപ്പുംപടി, ഫോർട്ട് കൊച്ചി, മട്ടാഞ്ചേരി, വെല്ലിംഗ്ടൺ ഐലൻഡ് എന്നിവയിലൂടെ മറൈൻ ഡ്രൈവിൽ തിരിച്ചെത്തും.

പങ്കെടുക്കുന്നവർക്ക് ആവശ്യമായ ജലവും എനർജി ഡ്രിങ്കുകളും വിതരണം ചെയ്യുന്ന ഹൈഡ്രേഷൻ സ്റ്റേഷനുകൾ മുഴുവൻ റൂട്ടിലുമുണ്ടാകും. 150ലധികം പരിശീലനം നേടിയ ജീവനക്കാരുടെ സഹായത്തോടെ മെഡിക്കൽ ട്രസ്റ്റ് ആശുപത്രി സമഗ്രമായ മെഡിക്കൽ സേവനങ്ങൾ ഒരുക്കും. കൂടാതെ സൈക്കിൾ വളണ്ടിയർമാരും ഗ്രൗണ്ട് ഹെൽപ്പർമാരും കോഴ്സിലുടനീളം പിന്തുണ നൽകും ഓട്ടക്കാരുടെ മാരത്തൺ, ഓട്ടക്കാർക്കായി എന്ന ആശയവുമായി മുന്നേറുന്ന ഈ പതിപ്പിൽ റെക്കോർഡ് രജിസ്ട്രേഷനുകളാണ് ലഭിച്ചിരിക്കുന്നത്. പരിസ്ഥിതി സൗഹൃദമായ രീതിയിൽ, പ്ലാസ്റ്റിക് ഒഴിവാക്കി തുണി ബാനറുകൾ മാത്രമേ ഉപയോഗിക്കൂ. എല്ലാ ഫിനിഷർമാർക്കും മെഡലും ലഘു ഭക്ഷണവും നൽകും. കൂടുതൽ വിവരങ്ങൾക്ക് www.spicecoastmarathon.com

# ഹെൽത്ത് ആൽഫ ഇൻഷൂറൻസ് പുറത്തിറക്കി എസ്ബിഐ

**കൊച്ചി:** മുൻനിര ജനറൽ ഇൻഷൂറൻസ് കമ്പനികളിലൊന്നായ എസ്ബിഐ ജനറൽ ഇൻഷൂറൻസ് പുതിയ ഇൻഷൂറൻസ് പദ്ധതിയായ ഹെൽത്ത് ആൽഫ അവതരിപ്പിച്ചു. ഉപഭോക്താക്കൾക്ക് താങ്ങാനാവുന്നതും അവരുടെ വൈവിധ്യമാർന്ന ആരോഗ്യ പരിചരണ ആവശ്യങ്ങൾ നിറവേറ്റാനാകുന്ന വിധത്തിലുള്ളതും ഓരോരുത്തർക്കും അനുയോജ്യമായ രീതിയിലുള്ളതും ആരോഗ്യ പരിചരണ, ആശുപത്രി ചെലവുകൾ കുറക്കാൻ സഹായിക്കുന്നതുമാണ് ഈ പദ്ധതിയെന്ന് എസ്ബിഐ ജനറൽ ഇൻഷൂറൻസ് ഡെപ്യൂട്ടി ചീഫ് എക്സിക്യൂട്ടീവ് ഓഫിസർ മുഹമ്മദ് ആരിഫ് ഖാൻ പറഞ്ഞു.

ഹെൽത്ത് ആൽഫയിൽ പ്രായപൂർത്തിയായവർക്ക് 18 വയസു മുതൽ പ്രായ പരിധിയില്ലാതെ ചേരാം. കുട്ടികൾക്ക് 91 ദിവസം മുതൽ 25 വർഷമാണ് ഇതിന്റെ പരിധി. പോളിസിയിൽ ക്ലെയിമുകൾ ഒന്നുമില്ലെങ്കിൽ പ്രതിവർഷം പത്തിരട്ടി വരെ ക്യുമിലേറ്റീവ് ബോണസ് ലഭ്യമാകുന്ന കവർ ഹെൽത്ത് ആൽഫയോട് കൂട്ടിച്ചേർക്കാവുന്നതാണ്. പോളിസിയിലുള്ള അടിസ്ഥാന പരിരക്ഷ പരിധിയില്ലാത്തതായിരിക്കും. ഏതു തുകയുടെ ക്ലെയിമും പോളിസി വ്യവസ്ഥകൾക്കും നിബന്ധനകൾക്കും അനുസരിച്ചു നൽകുന്നതായിരിക്കും. ഒറ്റ ക്ലെയിമിൽ ആശുപത്രി ചെലവുകൾ അടിസ്ഥാന പരിരക്ഷാ തുകയ്ക്കും മുകളിലാണെങ്കിലും അതിനു പരിരക്ഷ നൽകും. ഈ ആനുകൂല്യം പോളിസി കാലയളവിൽ ഒരിക്കൽ മാത്രമേ സാധ്യമാകു. കൂടാതെ ആഡ് ഓൺ വഴി പ്രതിദിന ഫിറ്റ്നെസ് പ്രവർത്തനങ്ങളിലും ഹോബി സ്പോർട്ട്സിലും ഉണ്ടാകുന്ന പരുക്കുകൾക്ക് ഒപിഡി ആനുകൂല്യങ്ങൾ നൽകും. സ്പെഷലിസ്റ്റ് കൺസൾട്ടേഷൻ, രോഗനിർണയ പരിശോധനകൾ, പ്രിസ്ക്രൈബ് ചെയ്യപ്പെടുന്ന മരുന്നുകൾ, ഫിസിക്കൽ തെറാപി എന്നിവയും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ക്വോട്ട് തയ്യാറാക്കി അഞ്ചു ദിവസത്തിനുള്ളിൽ പുതിയ പോളിസി വാങ്ങുകയാണെങ്കിൽ അഞ്ചു ശതമാനം വെൽകം ഡിസ്ക്കൗണ്ടും ഈ പദ്ധതിയിൽ ലഭിക്കു മുഹമ്മദ് ആരിഫ് ഖാൻ പറഞ്ഞു. താങ്ങാനാവുന്ന രീതിയിൽ സൗകര്യങ്ങൾ നല്കുന്ന കാര്യത്തിൽ ഇതു വൻ മാറ്റങ്ങളാണ് അവതരിപ്പിക്കുന്നത്. ആരോഗ്യ പരിരക്ഷാ ചെലവുകൾ വർധിക്കുന്ന പശ്ചാത്തലത്തിൽ ആവശ്യമായ പരിരക്ഷ നൽകുന്ന കൃത്യമായ ആരോഗ്യ ഇൻഷൂറൻസ് മുമ്പെത്തേക്കാളും നിർണായകമാണെന്നും അദ്ദേഹം പറഞ്ഞു.



# ജിടെക്സ് ഗ്ലോബൽ 2025: കേരള സ്റ്റാർട്ടപ്പ് മിഷന്റെ പവലിയൻ ഉദ്ഘാടനം ചെയ്തു

**കൊച്ചി:** ദുബായിൽ ആരംഭിച്ച ജിടെക്സ് ഗ്ലോബലിന്റെ ഭാഗമായ എക്സ്പാൻഡ് നോർത്ത് സ്റ്റാർ 2025 എക്സ്പോയിൽ അണിനിരന്ന് കേരള സ്റ്റാർട്ടപ്പ് മിഷന്റെ പവലിയനുകൾ. കേരളത്തിലെ 35 സ്റ്റാർട്ടപ്പുകൾ പങ്കെടുക്കുന്ന എക്സ്പോയിലെ കെഎസ്‌യുഎം പവലിയൻ ദുബായിലെ ഇന്ത്യൻ കോൺസൽ ജനറൽ സതീഷ് കുമാർ ശിവൻ ഉദ്ഘാടനം ചെയ്തു.

ഇലക്ട്രോണിക്സ് ആൻഡ് ഐടി വകുപ്പ് സ്പെഷ്യൽ സെക്രട്ടറി സീറാം സാംബശിവ റാവു, കെഎസ്‌യുഎം സിഇഒ അനൂപ് അംബിക എന്നിവർ പങ്കെടുത്തു. അന്താരാഷ്ട്ര നിക്ഷേപകരുമായും പങ്കാളികളുമായും ബന്ധം സ്ഥാപിക്കാൻ ജിടെക്സ് എക്സ്പോ കേരള സ്റ്റാർട്ടപ്പുകൾക്ക് കവാടമാകുമെന്ന് അനൂപ് അംബിക പറഞ്ഞു. കെഎസ് യുഎമ്മിന്റെ സ്റ്റാർട്ടപ്പ് ഇൻഫിനിറ്റി സെന്റർ നിലവിൽ ദുബായിൽ പ്രവർത്തിക്കുന്നത് യുഎഎയിലെ കേരളത്തിൽ നിന്നുള്ള സ്റ്റാർട്ടപ്പുകൾക്ക് മുതൽക്കൂട്ടാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. കേരള സ്റ്റാർട്ടപ്പ് മിഷൻ തയ്യാറാക്കിയിരിക്കുന്ന പ്രത്യേക കേരള പവലിയൻ (ഹാൾ 10, സ്റ്റാളുകൾ) വഴി തങ്ങളുടെ ഉൽപ്പന്നങ്ങളും സാങ്കേതികവിദ്യകളും ലോകത്തിന് മുന്നിൽ പ്രദർശിപ്പിക്കാനുള്ള അവസരമാണ് സംരംഭകർക്ക് ലഭിച്ചിരിക്കുന്നത്. കേരളത്തിലെ സ്റ്റാർട്ടപ്പുകൾക്ക് ഇക്കോസിസ്റ്റം പങ്കാളികളിൽ നിന്ന് മാർഗനിർദേശം, നിക്ഷേപകരുമായി കൈകോർക്കൽ, ആഗോള സഹകരണം എന്നിവയ്ക്കുള്ള ഒരു പ്രധാന വേദി കൂടിയാണിത്. ദുബായ് ചേംബർ ഓഫ് ഡിജിറ്റൽ എക്കണോമിയുടെ ആതിഥേയത്വത്തിൽ നടക്കുന്ന എക്സ്പാൻഡ് നോർത്ത് സ്റ്റാർ, ലോകത്തിലെ ഏറ്റവും വലിയ ടെക്നോളജിനിക്ഷേപക സ്റ്റാർട്ടപ്പ് സംഗമങ്ങളിൽ ഒന്നാണ്. ജിടെക്സ് ഫ്യൂച്ചർ സ്റ്റാർസ് എന്നറിയപ്പെട്ടിരുന്ന ഈ പരിപാടിയിൽ 100ൽ അധികം രാജ്യങ്ങളിൽ നിന്നുള്ള 2,000ത്തിലധികം സ്റ്റാർട്ടപ്പുകളും 1,500 നിക്ഷേപകരും പങ്കെടുക്കുന്നുണ്ട്. ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, റോബോട്ടിക്സ്, സാസ് (സോഫ്റ്റ്‌വെയർ ആസ് സർവീസ്), ഹെൽത്ത്ടെക്, എഡ്യുടെക്, സസ്റ്റൈനബിലിറ്റി തുടങ്ങിയ വിവിധ മേഖലകളിലുള്ള സ്റ്റാർട്ടപ്പുകളാണ് കെഎസ് യു എം പ്രതിനിധി സംഘത്തിൽ ഉൾപ്പെട്ടിരിക്കുന്നത്.




RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com